015-016

കേരള സർക്കാർ

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

## 1982-83

എറണാകുളം ഗവൺമെൻറ് പ്രസ്സിൽനിന്നും ഗവൺമെൻറ് പ്രസ്സുകളുടെ
സൂപ്രണ്ടിനാൽ അച്ചടിപ്പിക്കപ്പെട്ടത്

1984

015-016

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട്

**1982-83**

68/538—1

©
കേരള സർക്കാർ
1984

## ആസൂത്രണ സാമ്പത്തിക (ബി) വകുപ്പ്

ജി.ഒ.ആർ.റ്റി. 372/84/പ്ലാനിംഗ്, തിരുവനന്തപുരം, തീയതി:14-6-1984

സംഗ്രഹം.—എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ് വകുപ്പിൻെറ 1982-83-ലെ ഭരണറിപ്പോർട്ട്—പ്രത്യവലോകനം—ഉത്തരവ് പുറപ്പെടുവിച്ചു.

പരാമർശം.—4-1-1984-ലെ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡയറക്ടറുടെ പിബി 3-19026/83/ഡി.ഇ.എസ്-ാം നമ്പർ കത്ത്.

### ഉത്തരവ്

1\. രേഖപ്പെടുത്തി.

2\. 30-4-1982-ൽ സർവ്വീസിൽ നിന്ന് ഡോ. പി. എ. നായർ പെൻഷനായപ്പോൾ ഡോ. ആർ. എസ്. കുറുപ്പ് ഡയറക്ടറായി. അദ്ദേഹം 28-2-1983-ൽ പെൻഷനായതിനെത്തുടർന്ന്, ശ്രീ. കെ. രാമവർമ്മയാണ് ഡയറക്ടറായത്.

സാങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഭരണ നിർവ്വഹണ കാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേററീവ് ആഫീസറും ഡയറക്ടറെ സഹായിച്ചുപോന്നു.

3\. വകുപ്പിൻെറ പ്രവർത്തനങ്ങൾ.—കാർഷിക സ്ഥിതി വിവരകണക്ക് വിഭാഗം.—ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലെ രണ്ടാമത്തെ വർഷത്തെ സർവ്വേ 1982 ജൂലൈ മുതൽ നടന്നുകൊണ്ടിരിക്കുന്നു. 1982-83-ലെ ഭൂവിനിയോഗത്തിൻെറയും ഓരോ വിളയും കൃഷിചെയ്ത സ്ഥലത്തിൻെറയും വിവരങ്ങൾ സീസണുകളിലേത് പ്രത്യേകമായി ശേഖരിച്ചു. കൂടാതെ എല്ലാ കൃഷികളുടെയും വിളവെടുപ്പ് പരീക്ഷണങ്ങൾ, ഫീൽഡ് സർവ്വേ ഇവ അടിസ്ഥാനമാക്കി ഉൽപാദന സ്ഥിതി വിവരം തയ്യാറാക്കുകയുണ്ടായി.

സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിലെ ദിവസേനയുള്ള മഴയുടെ വിവരം ശേഖരിച്ച് പൂനയിലെ ഒബ്സർവേറ്ററി കേന്ദ്രത്തിലേക്ക് അയച്ചു കൊടുത്തു.

സമാന്തര സാമ്പിൾ പരിശോധനാ പദ്ധതി ടി. ആർ. എസിന് തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും നടപ്പാക്കുകയുണ്ടായി.

4\. കാർഷിക സെൻസസ് 1980-81.—കേരളത്തിൽ കാർഷിക വർഷം 1980-81 അടിസ്ഥാനമാക്കി കാർഷിക സെൻസസ് നടത്തുകയുണ്ടായി. റിപ്പോർട്ടു വർഷത്തിൽ നിശ്ചിത തോതിലുള്ള കൃഷിഭൂമി കൈവശക്കാരെ തെരഞ്ഞെടുക്കുകയും പ്രസ്തുത കൈവശക്കാരിൽ നിന്നും പ്രധാന

സെൻസസിനാവശ്യമുള്ള വിവരങ്ങൾ നിശ്ചിത ഫാറത്തിൽ ശേഖരിക്കുകയും ചെയ്തു. പ്രധാന സെൻസസിൻെറ പൂരിപ്പിച്ച ഫാറങ്ങളുടെ പുനഃപരിശോധനയും ടാബുലേഷൻ ജോലികളും നടന്നുകൊണ്ടിരിക്കുന്നു. നിവേശ പര്യവേഷണത്തിനാവശ്യമായ വിവരങ്ങളും പ്രസ്തുത കാലയളവിൽ ശേഖരിച്ചു. സംസ്ഥാനത്തെ പ്രധാന കൃഷികളുടെ ചെലവ് കണക്കാക്കുന്നതിനായുള്ള സർവ്വേ 1–4–1982-ൽ ആരംഭിച്ച് 31–3–1983-ൽ പൂർത്തിയാക്കി.

5. പ്രൈസസ് വിഭാഗം.—ഈ വിഭാഗം റിപ്പോർട്ട് വർഷത്തിൽ പ്രൈസസ് (ജനറൽ), ഇൻഡക്സ് സീരിയസ്, എന്നീ രണ്ടു വിഭാഗങ്ങളായി പ്രവർത്തിച്ചു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള റീജിയണൽ ഓഫീസർമാർ നിർവ്വഹിച്ചു.

മാർക്കറ്റ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി.—സംസ്ഥാനത്തെ 17 വ്യാപാര കേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്. കമ്പോള നിലവാര ബുള്ളററിൻ ആകാശവാണി മുഖേന പ്രക്ഷേപണം ചെയ്തുവരുന്നു. കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും ആകാശവാണിയിലൂടെ പ്രക്ഷേപണം ചെയ്യുന്നു. എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോള വിലയെക്കുറിക്കുന്ന പ്രതിദിന റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രസർക്കാരിനും സംസ്ഥാന റവന്യൂബോർഡി (സിവിൽ സപ്ലൈസ്)നും അയച്ചു കൊടുത്തുകൊണ്ടിരിക്കുന്നു.

ഇൻഡക്സ് സീരിയസ് വിഭാഗം.—ഈ വിഭാഗം കാർഷിക വിഭവങ്ങളെ സംബന്ധിച്ച 6 സൂചികകൾ തയ്യാറാക്കി വരുന്നു. 27 കാർഷിക വിഭവങ്ങളുടെ പ്രതിമാസ ചില്ലറ വില താലൂക്കടിസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ഗസററിൽ പ്രസിദ്ധീകരിച്ചു.

വരുമാന നിർമ്മാണ വിഭാഗം.—സംസ്ഥാനത്തിൻെറ വാർഷിക വരുമാന കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും അവ രൂപപ്പെടുത്തുകയുമാണ് മുഖ്യപ്രവർത്തനം. അത് റിപ്പോർട്ട് വർഷത്തിൽ തുടർന്നു.

കയററുമതി ഇറക്കുമതി സ്ഥിതി വിവരക്കണക്ക് വിഭാഗം.—തുറമുഖം വഴിയുള്ള കയററുമതി ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ 1980–81 ലേക്ക് ശേഖരിക്കുകയും 1981–82 ലേത് ശേഖരിക്കാൻ ആരംഭിക്കുകയും ചെയ്തു.

വ്യവസായ ഉൽപ്പന്ന സൂചിക.—സൂചനവർഷം 31–3–1981, 30–6–1981, 30–9–1981, 31–12–1981, ഈ കാലഘട്ടങ്ങളിലേക്കുള്ള ത്രൈമാസിക ഉൽപ്പാദന വിവരങ്ങൾ ശേഖരിക്കുകയും ആദ്യത്തെ രണ്ടു റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു. കൂടാതെ നാല് ത്രൈമാസിക റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ നടത്തി.

ഭവന നിർമ്മാണക്കണക്കുകളും വേതന ഘടനാ സർവ്വേയും.—റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗം ഭവനനിർമ്മാണ രംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിടനിർമ്മാണ ജോലിക്കാരുടെയും വ്യാപാര സ്ഥാപനങ്ങളിലെ

ജോലിക്കാരുടെയും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്ത് റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കുകയും ചെയ്തു.

6. ഔദ്യോഗിക സ്ഥിതി വിവരം.—തൊഴിൽ സ്ഥിതി വിവരകണക്ക് വിഭാഗം.—തൊഴിൽ നിയമങ്ങളുടെ പരിധിയിൽപ്പെടുന്ന തൊഴിൽ ശാലകളിലെ സ്ഥിതി വിവരക്കണക്കുകൾ ഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലേബർബ്യൂറോ, സിംലയുടെ നിർദ്ദേശപ്രകാരം ശേഖരിച്ച് സഞ്ചിതപ്പെടുത്തി സർക്കാരിന് സമർപ്പിക്കുന്ന ജോലി റിപ്പോർട്ട് വർഷത്തിൽ തുടർന്നു. പ്രസ്തുത വർഷത്തിൽ ആറ് റിപ്പോർട്ടുകളും തൽസംബന്ധമായ സ്റ്റേറ്റുമെന്റുകളും ലേബർ ബ്യൂറോക്ക് അയച്ചു കൊടുത്തു.

മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—റിപ്പോർട്ടു വർഷത്തിൽ ഈ വിഭാഗം കേരളത്തിൽ നടത്തിയ എക്കണോമിക് സെൻസസ്, സർക്കാർ ജീവനക്കാരെ സംബന്ധിച്ച സെൻസസ് എന്നിവയുടെ വിവരങ്ങൾ പഞ്ചു ചെയ്ത് സത്യാപനം ചെയ്ത് എക്കണോമിക്ക് സെൻസസ് വിവരങ്ങൾ അടങ്ങിയ കാർഡുകൾ യൂണിവേഴ്സിററി കമ്പ്യൂട്ടർ സെന്ററിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

7. ജനസംഖ്യാ പഠനം.—ജനസംഖ്യാ ഗവേഷണ കേന്ദ്രം.—1958 ആഗസ്ററിൽ ആരംഭിച്ച ഈ കേന്ദ്രം താഴെപ്പറയുന്ന പഠനങ്ങൾ പൂർത്തിയാക്കുകയുണ്ടായി:—

1. കുടുംബക്ഷേമ പരിപാടികളുടെ സമീപകാല നേട്ടങ്ങളും അത് ജനനനിരക്ക് കുറക്കുന്നതിൽ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുമുള്ള പഠനം.

2. പെരുങ്കടവിള പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ ജനനമരണ നിരക്ക് കണ്ടുപിടിക്കുന്നതിനുള്ള പഠനം.

3. തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ രജിസ്ട്രേഷൻ വില്ലേജുകളിൽ നടത്തിയ സാമൂഹ്യസാമ്പത്തിക പഠനം.

4. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ള ആരോഗ്യ പ്രവർത്തക പദ്ധതിയുടെ വിലയിരുത്തൽ പഠനം.

ഈ കേന്ദ്രത്തിന്റെ കീഴിൽ താഴെപ്പറയുന്ന പഠനങ്ങൾ പുരോഗതിയിലാണ്:—

1. മലപ്പുറം, ആലപ്പുഴ ജില്ലകളിലെ കുടുംബ സംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.

2. ജില്ലാടിസ്ഥാനത്തിലുള്ള ജനനമരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.

3. ഗർഭനിരോധന ഗുളികകളുടെ ഉപയോഗത്തെ സംബന്ധിച്ചുള്ള പഠനം.

4. ദേശാന്തരഗമനം സന്താനോൽപ്പാദനത്തിൽ ഉണ്ടായിട്ടുള്ള പ്രത്യാഘാതത്തെ സംബന്ധിച്ചുള്ള പഠനം.

8. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ.—കൃത്യവും വിശ്വസനീയവുമായ ജനനമരണ നിരക്കുകൾ ലഭ്യമാക്കുന്നതിന് വേണ്ടി ഈ പദ്ധതി കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഈ വകുപ്പ് നടപ്പാക്കി വരുന്നു. 1982-83-ൽ പുതിയസാമ്പിളുകൾ തെരഞ്ഞെടുത്തു. പുതിയ എന്യൂമറേറ്റർമാരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി. 33-ാമതും 34-ാമതും അർദ്ധ വാർഷികസർവ്വേയുടെ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു. 10 ശതമാനം സാമ്പിളുകളിൽ ഊർജ്ജിതാന്വേഷണ സർവ്വേ നടത്തി. 35-ാമത് അർദ്ധ വാർഷിക സർവ്വേ നടന്നുകൊണ്ടിരിക്കുന്നു. 1979-ലെ റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ചു. 1980-ലെ റിപ്പോർട്ട് അച്ചടിക്കാൻ കൊടുത്തു.

ജനനമരണ സ്ഥിതി വിവരം.—ഈ വകുപ്പിലെ ജനനമരണ സ്ഥിതി വിവരക്കണക്കുവിഭാഗം സംസ്ഥാനം ഒട്ടാകെയുള്ള ജനനമരണ സ്ഥിതി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി റിപ്പോർട്ട് വർഷവും തുടർന്നു.

ജനനമരണ സ്ഥിതി വിവരക്കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള താഴെപ്പറയുന്ന മൂന്നു പദ്ധതികൾ റിപ്പോർട്ട് വർഷത്തിലും തുടരുകയുണ്ടായി:—

1. മോഡൽ രജിസ്ട്രേഷൻ.
2. ജനനമരണക്കണക്ക് വിഭാഗത്തിന്റെ വിപുലീകരണം.
3. മരണകാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറുടെ സർട്ടിഫിക്കററിൻമേലുള്ള പഠനം.

9. വിലയിരുത്തൽ പഠന വിഭാഗം.—കാലാകാലങ്ങളിൽ നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ വികസന പദ്ധതികളെപ്പററി സാമാന്യമായി നടത്തുന്ന വിലയിരുത്തൽ റിപ്പോർട്ട് വർഷത്തിൽ തുടർന്നു.

ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടി.—ദേശീയ ഗ്രാമീണ തൊഴിൽദാന പരിപാടിയുടെ വിലയിരുത്തൽ പഠനം 1982 ഏപ്രിൽ മാസത്തിൽ രണ്ടുഘട്ടമായി ആരംഭിച്ചു. പഠനത്തിന്റെ ആദ്യഘട്ടം 1982 സെപ്റ്റംബറിൽ പൂർത്തിയായി. രണ്ടാംഘട്ടം 1982 സെപ്റ്റംബറിൽ ആരംഭിച്ചു.

10. സാമ്പത്തിക സെൻസസ് വിഭാഗം.—1977-ൽ നടത്തിയ സാമ്പത്തിക സെൻസസിന്റെ ടാബുലേഷൻ പൂർത്തിയായി. റിപ്പോർട്ട് തയ്യാറായി വരുന്നു. 1980-ലെ രണ്ടാം സാമ്പത്തിക സെൻസസിൽ ശേഖരിച്ച വിവരം കംപ്യൂട്ടർ പ്രോസസിംഗിനുവേണ്ടി കാർഡു പഞ്ചുചെയ്തു കഴിഞ്ഞു. പ്രോസസിംഗ് സംബന്ധമായ പ്രാഥമിക ജോലികൾ യൂണിവേഴ്സിററി കംപ്യൂട്ടർ സെൻററിൽ ആരംഭിച്ചു കഴിഞ്ഞു. വ്യവസായ സ്ഥാപനങ്ങളേയും മറ്റ് ഉൽപ്പാദന സംരംഭങ്ങളെയും സംബന്ധിച്ചുള്ള 1978-79-ൽ നടത്തിയ പഠനവിവരങ്ങൾ ഉപയോഗിച്ച് കംപ്യൂട്ടർ ടാബുലേഷൻ നടന്നുകൊണ്ടിരിക്കുന്നു. 1979-80-ലെ വിവരങ്ങളുടെ അവസാന കംപ്യൂട്ടർ ടാബുലേഷൻ നടപടികൾ തുടങ്ങി.

നാഷണൽ സാമ്പിൾ സർവ്വേ.—1982 ഡിസംബറിൽ സർവ്വേയുടെ 37-ാം റൗണ്ട് പൂർത്തിയാക്കി. 38-ാം റൗണ്ടിലെ ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫിന് 1983 ജനുവരിയിൽ ട്രെയിനിംഗ് നൽകി സർവ്വേ ആരംഭിച്ചു. 38-ാം റൗണ്ട് സർവ്വേ ഗാർഹിക ചെലവുകളെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും ആയിരിക്കും.

കയർതൊഴിലാളി സർവ്വേ.—കയർതൊഴിലാളികളുടെ ക്ഷേമത്തിന് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ 22-6-1982-ൽ ആരംഭിച്ച സർവ്വേ മുഖേന ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിനു സമർപ്പിച്ചു കഴിഞ്ഞു.

11. അഡ്മിനിസ്ട്രേറ്റീവ് ഇൻറലിജൻസ് വിഭാഗം.—സാമൂഹ്യ വികസന ബ്ലോക്കുകളിലെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠനം നടത്തി വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്ന ജോലി റിപ്പോർട്ട് വർഷവും തുടർന്നു. ഈ വർഷത്തിൽ 1982-83-ലെ എല്ലാ വികസന പരിപാടികളുടേയും ത്രൈമാസിക റിപ്പോർട്ടുകളും 1982-ലെ സാമൂഹ്യവികസന വാർഷികറിപ്പോർട്ടും തയ്യാറാക്കുകയുണ്ടായി.

12. ആസൂത്രണ (പ്ലാനിംഗ്) വിഭാഗം.—ഡിപ്പാർട്ടുമെൻറിലെ താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ—ത്രൈമാസിക—അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനും കേന്ദ്ര സർക്കാരിനും അയച്ചുകൊടുത്തു.

1. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസുകൾ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള സാമ്പത്തിക സ്ഥിതി വിവരക്കണക്കു വകുപ്പിൻെറ വികസനം.

2. സർവേകളും പഠനങ്ങളും.

3. വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി.

4. ജില്ലാതല ആഫീസുകൾക്ക് ജീപ്പ് വാങ്ങുന്നതിനുള്ള പദ്ധതി.

5. കാർഷിക സ്ഥിതി വിവരക്കണക്കുകൾ വർഷംതോറും ശേഖരിച്ച് റിപ്പോർട്ട് ചെയ്യുന്നതിനുള്ള പദ്ധതി.

6. സാമ്പത്തിക സെൻസസും സർവേയും.

7. ഇറിഗേഷൻ സ്ഥിതി വിവരക്കണക്ക് മെച്ചപ്പെടുത്തൽ.

8. ജനസംഖ്യാ ഗവേഷണ കേന്ദ്രം.

13. കോ-ഓർഡിനേഷൻ വിഭാഗം.—റിപ്പോർട്ട് വർഷത്തിൽ മററ് ഡിപ്പാർട്ടുമെൻറുകളിലെ സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡിപ്പാർട്ടുമെൻറിൻെറ താൽക്കാലിക ഘടകങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും അവരുടെ ജോലികളെപ്പററി ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് ജോലികൾ ഈ വിഭാഗം ചെയ്തുവരുന്നു. ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ വിശദീകരിച്ച് കൊണ്ടുള്ള ഒരു റിപ്പോർട്ട് മലയാളത്തിൽ പ്രസിദ്ധപ്പെടുത്തി.

14. ഔദ്യോഗിക ഭാഷാ വിഭാഗം.—ഭരണഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും യഥാവിധി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുകയും സർക്കാർ അപ്പോഴപ്പോൾ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി അയച്ചു കൊടുക്കുകയും ചെയ്തു. താലൂക്കു തലങ്ങളിലുള്ള കത്തിടപാടുകൾ ഏറിയകൂറും മലയാളത്തിലാക്കി. വകുപ്പിന്റെ 1976 മുതലുള്ള ഭരണ റിപ്പോർട്ടുകൾ ഉൾപ്പെടെ ചില റിപ്പോർട്ടുകളും മലയാളത്തിൽ തയ്യാറാക്കി വരുന്നു.

15. പ്രസിദ്ധീകരണവും സംയോജനവും.—ഈ വകുപ്പിലെ മററു വിഭാഗങ്ങൾ തയ്യാറാക്കുന്ന റിപ്പോർട്ടുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുക, ത്രൈമാസിക സ്ഥിതിവിവര വാർത്താവലോകനം തയ്യാറാക്കി കേന്ദ്ര സ്ഥിതി വിവര സംഘടനക്ക് അയക്കുക, സൗജന്യ മെയിലിംഗ് ലിസ്ററ് അനുസരിച്ച് വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ അയച്ചു കൊടുക്കുക തുടങ്ങിയ ജോലികൾ റിപ്പോർട്ടു വർഷം തുടർന്നു. കൂടാതെ 17–ഓളം റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങളെക്കുറിക്കുന്ന ഒരു ത്രൈമാസിക ന്യൂസ് ലെറ്റർ ആരംഭിച്ചു.

റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി ആകെ 2,16,75,598 രൂപ ചെലവാക്കുകയുണ്ടായി.

റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം തൃപ്തികരമായിരുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ. മധുസൂദനൻ,
ജോയിൻറ് സെക്രട്ടറി.

# എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൻെറ 1982-83 ലെ ഭരണ റിപ്പോർട്ട്

## അദ്ധ്യായം 1

## 1. ആമുഖം

കേരളത്തിലെ സ്ഥിതി വിവരക്കണക്കുകളുടെ മുഖ്യസ്രോതസ്സായ ഈ ഡിപ്പാർട്ടുമെൻറ് 1951-ൽ ബോർഡ് ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആയും 1954-ൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് എന്ന ഒരു പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്ന ഒരു മേജർ വകുപ്പായി തീർന്നു. ഇപ്പോൾ ഇത് എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറ് എന്ന പേരിൽ അറിയപ്പെടുന്നു. ഈ വകുപ്പ് സാമ്പത്തികസ്ഥിതി വിവരണകണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ സ്വരൂപിക്കൽ, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ സംസ്ഥാനത്തെ ഒരു മുഖ്യഘടകവും കൂടിയാണ്. കൂടാതെ സ്ഥിതി വിവര കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സർക്കാരിൻെറ ഒരു ഉപദേശഘടകമായും പ്രവർത്തിക്കുന്നു. സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ച് ആധികാരികമായ റിപ്പോർട്ടുകൾ വിശകലനം ചെയ്ത് കേന്ദ്രസംസ്ഥാന സർക്കാരുകൾക്കും മറ്റു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചു കൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെട്ടതാകുന്നു. ഇപ്രകാരം കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഈ വകുപ്പ് പരമപ്രധാനമായ പങ്ക് വഹിച്ചു പോരുന്നു.

റിപ്പോർട്ടു വർഷത്തിൽ 30-4-1982 വരെ ഡോ. പി. എ. നായർ ഡയറക്ടറായി തുടർന്നു. ഡയറക്ടറായി പ്രമോട്ടു ചെയ്യപ്പെട്ട ഡോക്ടർ ആർ. എസ്. കുറുപ്പിനെ 30-4-1982 ഉച്ചയ്ക്കുശേഷം ചാർജ് ഏല്പിച്ച് ഡോക്ടർ പി. എ. നായർ സർവീസിൽനിന്ന് റിട്ടയർ ചെയ്യുകയും ചെയ്തു. ഡോക്ടർ ആർ. എസ്. കുറുപ്പ് 28-2-1983 വരെ ഡയറക്ടറായി സേവനമനുഷ്ടിച്ചു. 28-2-1983 ഉച്ചയ്ക്കുശേഷം അദ്ദേഹം സർവീസിൽനിന്ന് റിട്ടയർ ചെയ്യുകയും അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. കെ. രാമവർമ്മയെ ഡയറക്ടറുടെ ചാർജ് ഏൽപ്പിക്കുകയും ചെയ്തു. തുടർന്ന് ജി. ഒ. (ആർ. റ്റി.) 141/83/പ്ലാനിംഗ് തീയതി 21-3-1983 പ്രകാരം ശ്രീ. കെ. രാമവർമ്മയെ ഡയറക്ടറായി പ്രമോട്ടു ചെയ്തു. അദ്ദേഹം ഡയറക്ടറായി തുടരുകയും ചെയ്തു. സാങ്കേതിക വിഭാഗത്തിൽ മൂന്ന് അഡീഷണൽ ഡയറക്ടർമാരും ഭരണ നിർവഹണ കാര്യങ്ങളിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ആഫീസറും ഡയറക്ടറുടെ സഹായികളായി പ്രവർത്തിച്ചു പോന്നു.

25-5-1982-ലെ ജി. ഓ. (ആർ. റ്റി.) നമ്പർ 236/82/ പി. എൽ. ജി. പ്രകാരം അഡീഷണൽ ഡിസ്ട്രിക്റ്റ് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ എന്ന തസ്തിക അഡീഷണൽ ഡിസ്ട്രിക്റ്റ് ആഫീസർ (എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ്) എന്ന പേരിൽ ആക്കിത്തീർത്തു.

## 2. ഉദ്യോഗസ്ഥൻമാർ

(1) ഡയറക്ടർ.—ഡോക്ടർ പി. എ. നായർ 30–4–1982 വരെ റിപ്പോർട്ടു വർഷത്തിൽ തുടരുകയും ഡയറക്ടറായി പ്രമോട്ടു ചെയ്യപ്പെട്ട ഡോക്ടർ ആർ. എസ്. കുറുപ്പിനെ 30–4–1982 വൈകുന്നേരം ചാർജ് ഏൽപ്പിച്ചശേഷം സർവീസിൽനിന്ന് റിട്ടയർ ചെയ്യുകയും ചെയ്തു. ഡോക്ടർ ആർ. എസ്. കുറുപ്പ് 28–2–1983 വരെ ഡയറക്ടറായി തുടരുകയും അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. കെ. രാമവർമ്മയെ 28–2–1983 വൈകുന്നേരം ചാർജ് ഏല്പിച്ചതിനുശേഷം സർവീസിൽ നിന്ന് റിട്ടയർ ചെയ്യുകയും ചെയ്തു. തുടർന്ന് ജി. ഓ. (ആർ.ടി.) 141/83/പ്ലാനിംഗ് തീയതി 21–3–1983 പ്രകാരം ശ്രീ. കെ. രാമവർമ്മയെ ഡയറക്ടറായി പ്രമോട്ടു ചെയ്യുകയും അദ്ദേഹം ഡയറക്ടറായി സേവനം അനുഷ്ടിക്കുകയും ചെയ്തു.

(2) അഡീഷണൽ ഡയറക്ടർമാർ.—ശ്രീ. ശങ്കരനാരായണൻ പോറ്റി 21–5–1982 വരെ അഡീഷണൽ ഡയറക്ടറായി സേവനമനുഷ്ടിക്കുകയും സർവീസിൽനിന്നും റിട്ടയർ ചെയ്യുകയും ചെയ്തു. അഡീഷണൽ ഡയറക്ടറായിരുന്ന ശ്രീ. കെ. രാമവർമ്മയെ 21–3–1983 മുതൽ ഡയറക്ടറായി നിയമിച്ചു. ശ്രീ. എൻ. ജോർജ്ജോൺ റിപ്പോർട്ടു വർഷം അഡീഷണൽ ഡയറക്ടറായി തുടർന്നു. ജോയിൻറ് ഡയറക്ടറായിരുന്ന ശ്രീ. കെ. ഈശ്വരൻ കുട്ടിയെ 26–6–1982 മുതൽ അഡീഷണൽ ഡയറക്ടറായി പ്രമോട്ടു ചെയ്യുകയും റിപ്പോർട്ടുവർഷം അഡീഷണൽ ഡയറക്ടറായി തുടരുകയും ചെയ്തു.

(3) അഡ്മിനിസ്ട്രേറ്റീവ് ആഫീസർ.—ശ്രീ. പി. ഗോപാലൻ നായർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറായി റിപ്പോർട്ടു വർഷത്തിൽ തുടർന്നു.

(4) ജോയിൻറ് ഡയറക്ടർമാർ.—

1. ശ്രീ. കെ. ഈശ്വരൻ കുട്ടി—ജൂൺ 1982 വരെ
2. ,, കെ. ബാലകൃഷ്ണൻ നായർ
3. ,, എൻ. ഗോപാല കൃഷ്ണൻ
4. ,, ജി. രാമചന്ദ്രൻ നായർ
5. ,, ററി. എഡ്വിൻ
6. ,, കെ. ഭാസ്കര മേനോൻ
7. ,, എസ്. സ്താണു കൃഷ്ണയ്യർ
8. ശ്രീമതി പി. എൽ. ശ്രീദേവിയമ്മ

(5) ഡപ്യൂട്ടി ഡയറക്ടർമാർ—

1. ശ്രീ. കെ. ഭാസ്കര മേനോൻ—മാർച്ച് 1982 വരെ
2. ,, ജി. സോമശേഖരൻ നായർ
3. ശ്രീമതി എസ്. രത്നാഭായി അമ്മാൾ
4. ,, ററി. സരസ്വതിയമ്മ
5. ശ്രീ. ററി. ജനാർദ്ദന മേനോൻ
6. ,, എ. ബാലകൃഷ്ണൻ
7. ,, പി. ഗോപിനാഥ പിള്ള
8. ,, വി. കെ. പാററൻ ഉണ്ണി
9. ,, എൻ. വി. ജോർജ്

10. ശ്രീ. പി. വാസുദേവൻ നമ്പൂതിരി
11. ,, ററി. പി. രാജഗോപാലൻ
12. ,, കെ. അച്ചുതൻ
13. ഡോ: എം. കുട്ടപ്പൻ
14. ശ്രീ. പി. ഗോപാലൻ
15. ,, പി. കെ. രാമകൃഷ്ണൻ നായർ
16. ,, പി. ബി. ലക്ഷ്മണൻ
17. ,, കെ. പി. മാധവക്കുറുപ്പ്
18. ,, കെ. ഈശ്വരൻ നമ്പൂതിരി
19. ,, എസ്. നടരാജൻ
20. ശ്രീമതി കെ. ലീലാകുമാരി
21. ,, സി. സൈനബാ
22. ശ്രീ. എം. കെ. ഭാസ്കരപിള്ള
23. ,, സി. ആർ. പരമേശ്വരൻ.
24. ,, ജി. സുരേന്ദ്രനാഥൻ നായർ ജൂൺ 1982 വരെ

(6) അസിസ്റ്റൻറ് ഡയറക്ടർമാർ—

1. ശ്രീ. കെ. ഈശ്വരൻ നമ്പൂതിരി
2. ,, ഓ. അയ്യപ്പൻ
3. ,, ആർ. പരമേശ്വരൻ നായർ
4. ,, എ. അബ്ദുൾ ഗഫൂർ
5. ,, സി. കുമാരസ്വാമി
6. ,, എൻ. വിക്രമൻ നായർ
7. ,, എ. വി. മത്തായി സെപ്തംബർ 1982 വരെ
8. ,, ഏ. പി. പത്രോസ്
9. ശ്രീമതി എസ്. സുനിത
10. ശ്രീ. സി. സോമവർമ്മൻ
11. ,, ഇ. വി. രാമൻ നമ്പൂതിരി
12. ,, സി. ജി. വാസുദേവൻ നായർ
13. ,, എ. എം. ഹരിദാസൻ നായർ
14. ,, പി. ജെ. ബേസിൽ
15. ,, പി. ആർ. കൃഷ്ണപിള്ള
16. ,, എ. മീരാസാഹിബ്
17. ,, യു. ബാലാജി
18. ,, പി. ജെ. ജോഷ്വാ
19. ,, ശ്രീമതി ജെ. പത്മം
20. ശ്രീ. എം. ഷംസുദീൻ
21. ,, മാത്യു തോമസ്
22. ,, പി. കെ. ചന്ദുനായർ
23. ,, വി. പി. മാത്യു
24. ,, എം. ഉണ്ണികൃഷ്ണൻ
25. ,, പി. പരമേശ്വരൻ നായർ
26. ,, ഇ. പി. ഗോവിന്ദപ്പിള്ള
27. ,, എം. എൻ. രാജൻ
28. ,, സി. പി. ഗോപിനാഥൻ നായർ
29. ,, പി. വൈ. ജേക്കബ്
30. ,, റ്റി. ആർ. വേലായുധൻ

31. ശ്രീ. എൻ. രാജേന്ദ്രൻ
32. ,, യു. തോമസ് സ്ളീബാ
33. ശ്രീമതി എസ്. മനുർവാണി അമ്മാൾ
34. ,, ഇ. ജമാൽ മുഹമ്മദ്
35. ,, വി. എം. കുമാരൻ
36. ശ്രീമതി എം. എസ്. വൽസല
37. ശ്രീ. കെ. മുഹമ്മദ്കുട്ടി
38. ,, ആർ. മോഹൻ ദാസ്
39. ശ്രീമതി എസ്. ഇന്ദിര

(7) റീജിയണൽ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർമാർ—

1. ശ്രീ. എം. മുഹമ്മദ് സർവർഖാൻ
2. ,, കെ. അനന്തനാരായണയ്യർ
3. ,, എ. ഷാഹുൽ ഹമീദ്
4. ,, കെ. കെ. സുകുമാരൻ
5. ,, റ്റി. ദിവാകരൻ നായർ

(8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറുമാർ—

1. ശ്രീ. വി. കെ. അച്ചുതൻ നമ്പ്യാർ
2. ,, പി. നാരായണൻ
3. ,, ആർ. വി. അനന്തസുബ്രഹ്മണ്യം

(9) സീനിയർ സൂപ്രണ്ടുമാർ—

1. ശ്രീ. കെ. എ. ശങ്കു
2. ,, കെ. പി. കരുണാകരൻ
3. ശ്രീമതി വി. എസ്. ജാനകി
4. ശ്രീ. എം. ബാഷ്യം

(10) റിസർച്ച് ആഫീസർമാർ—

(മററു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെ)

1. ശ്രീ. കെ. അപ്പു ആചാരി ജനുവരി 1983 വരെ
2. ,, മാത്യു തോമസ്
3. ,, റ്റി. ജി. ഫ്രാൻസിസ്
4. ,, വാസുദേവഭട്ടതിരി
5. ,, കെ. ശിവശങ്കരൻ നായർ
6. ,, എൻ. നാരായണപിള്ള
7. ,, എൻ. അപ്പുക്കുട്ടൻപിള്ള
8. ,, കെ. സാം വർഗ്ഗീസ്
9. ,, കെ. പി. രാജേന്ദ്രപ്രസാദ്
10. ,, എം. വേലായുധൻ
11. ,, പി. കെ. ജോർജ്
12. ,, പി. ഗോപിനാഥൻ
13. ,, എസ്. കൃഷ്ണൻ നായർ
14. ശ്രീമതി ജെ. ബിയാട്രിസ്
15. ശ്രീ. റ്റി. യോഹന്നാൻ
16. ശ്രീമതി എ. സരസമ്മ

17. ശ്രീമതി സി. വൈജയന്തി
18. ,, ലില്ലിക്കുട്ടി കെ. വർഗ്ഗീസ്
19. ശ്രീ. ഡി. വൽസൻ
20. ,, എൻ. സുബ്രഹ്മണ്യംപിള്ള സെപ്തംബർ 1982 വരെ
21. ,, മാത്യു എം. വർഗ്ഗീസ്
22. ,, ജി. രവീന്ദ്രനാഥനാചാരി
23. ,, ററി. എച്ച്. വിൽസ്
24. ,, ജി. മുകുന്ദൻ
25. ശ്രീമതി കെ. ലീല
26. ശ്രീ. എം. അബ്ദുൾ റഹിമാൻ നവംബർ 1982 വരെ
27. ,, എം. ഡി. യേശുദാസൻ
28. ശ്രീമതി കെ. രാധമ്മ
29. ,, എം. എസ്. വൽസല നവംബർ 1982 വരെ
30. ശ്രീ. ആർ. മോഹൻദാസ് നവംബർ 1982 വരെ
31. ശ്രീമതി എസ്. ഇന്ദിര നവംബർ 1982 വരെ
32. ,, സി. വിജയ ഭാരതിക്കുട്ടിയമ്മ
33. ശ്രീ. കെ. പി. കേശവൻ നായർ
34. ,, കെ. ററി. തോമസ്
35. ,, പി. സി. ജയിൻ
36. ,, കെ. ജോർജ് മത്തായി
37. ശ്രീമതി എസ്. രാധ
38. ശ്രീ. പി. ഗോപിനാഥൻ നായർ
39. ,, സി. സി. ചെറിയാൻ കുഞ്ഞ്
40. ,, കെ. പി. ഗോപി
41. ,, ററി. ററി. മൈക്കാം
42. ,, പി. കൊച്ചുനാരായണപിള്ള
43. ,, കെ. നാരായണൻ
44. ,, ബി. മോഹനകുമാരൻ നായർ
45. ,, പി. ജെ. ഐസക്
46. ശ്രീമതി കെ. വി. മറിയാമ്മ
47. ,, എ. ശ്യാമളാദേവി
48. ശ്രീ. സി. ജെ. ഗോപാലകൃഷ്ണൻ നായർ
49. ശ്രീമതി കെ. പി. ത്രേസ്യാമ്മ
50. ശ്രീ. പി. ശിവരാമൻ
51. ,, കെ. മുഹമ്മദ്കുട്ടി നവംബർ 1982 വരെ
52. ,, എം. പി. സതീശൻ
53. ,, വി. പരമേശ്വരൻ നായർ
54. ,, കെ. ദിവാകരൻപിള്ള
55. ശ്രീമതി മേരി മാനുവൽ
56. ശ്രീ. എൻ. എസ്. രാജപ്പൻ
57. ,, കെ. ബാലകൃഷ്ണമേനോൻ
58. ,, ജോസഫ് ജെ. കാവുക്കാട്
59. ,, വി. എം. കുമാരൻ നവംബർ 1982 വരെ
60. ,, സി. അപ്പുക്കുട്ടൻപിള്ള
61. ,, സി. ഭാസ്ക്കരൻ
62. ,, പി. ററി. ആൻറണി
63. ,, പി. വി. ഗോപാലകൃഷ്ണപിള്ള

64. ശ്രീ. ആർ. സുബ്രഹ്മണ്യം
65. ,, എൻ. കെ. കൃഷ്ണൻകുട്ടി
66. ,, സി. രാജൻ
67. ,, കെ. ദാമോദരൻ
68. ,, പി. കെ. ദാസൻ
69. ,, സി. പി. രാജേന്ദ്രൻ
70. ശ്രീമതി മിനിജോർജ്
71. ശ്രീ. പി. എസ്. പ്രഭാകരൻ
72. ശ്രീമതി പി. ഡി. മറിയാമ്മ
73. ശ്രീ. പി. രാഘവൻ നായർ
74. ,, ഇ. ജി. ഗോപാലകൃഷ്ണമാരാർ
75. ,, റ്റി. ഒ. ജോൺ
76. ,, പി. രാമകൃഷ്ണപിള്ള
77. ,, കെ. കെ. സാമന്തഭദ്രൻ
78. ,, എം. ഷംസുദീൻ
79. ,, ജി. വിഷ്ണുമൂർത്തി
80. ശ്രീമതി എ. ചന്ദ്രികാദേവി
81. ,, എൻ. ആർ. ലില്ലീഭായി
82. ശ്രീ. പി. എൻ. കൃഷ്ണൻ
83. ,, കെ. ഗോപാലകൃഷ്ണൻ നായർ
84. ,, എൻ. ഗോപാലകൃഷ്ണ കൈമൾ
85. ശ്രീമതി ആർ. സരള
86. ശ്രീ. എസ്. സോമശേഖർ പിള്ള
87. ശ്രീമതി കെ. രത്നമ്മ
88. ശ്രീ. കെ. രഘുനന്ദനൻ
89. ശ്രീമതി എൻ. ശാന്തകുമാരി
90. ശ്രീ. എം. എൻ. പത്മനാഭൻ നായർ
91. ശ്രീമതി രാജിപ്രസാദ്
92. ശ്രീ. ററി. വി. ഐസക്
93. ശ്രീമതി ബി. അംബികാകുമാരി
94. ശ്രീ. പി. സുന്ദരേശൻ
95. ,, കെ. വിശ്വനാഥൻ
96. ,, എം. എം. ജോസഫ്
97. ,, ജെ. ഷാഹുൽ ഹമീദ്
98. ,, കെ. മാധവനുണ്ണി
99. ശ്രീമതി കെ. പാറുക്കുട്ടിയമ്മ
100. ,, ററി. മണി
101. ശ്രീ. എൻ. ശിവദാസൻ
102. ,, കെ. വിശ്വനാഥൻ
103. ,, ജോയി പി. മാത്യു
104. ,, കെ. കെ. മാധവൻ
105. ,, എൻ. തങ്കപ്പൻ നായർ
106. ശ്രീമതി ജെ. സരസ്വതി
107. ,, ററി. കെ. രാധാകൃഷ്ണൻ നായർ
108. ,, ററി. വി. ഉലഹന്നാൻ
109. ,, എൻ. സോമൻ
110. ,, എൻ. വി. മാർക്കോസ്

111. ശ്രീമതി ജി. പത്മാവതി
112. ശ്രീ. പി. ററി. ഗോവിന്ദൻ ജൂലായ് 1982 മുതൽ
113. ശ്രീമതി ആർ. ഷൈലജ ഗോപാൽ ജൂലായ് 1982 മുതൽ
114. ശ്രീ. എം. സി. രവീന്ദ്രൻ ജൂലായ് 1982 മുതൽ
115. ,, പി. ജെ. സിറിയക്ക്
116. ശ്രീമതി കെ. ശാന്തകുമാരി
117. ശ്രീ. ററി. പി. മുകുന്ദൻ
118. ,, എം. സി. കുഞ്ഞമ്മൻ ജൂലായ് 1982 മുതൽ
119. ,, എൻ. അരവിന്ദാക്ഷൻ
120. ,, എം. സഹദേവൻ ഒക്ടോബർ 1982 മുതൽ
121. ശ്രീമതി ബി. നാഗമ്മ ഒക്ടോബർ 1982 മുതൽ
122. ശ്രീ. വി. ബാലകൃഷ്ണൻ നായർ നവംബർ 1982 മുതൽ
123. ശ്രീമതി കാതറിൻ ജേക്കബ്
124. ,, ബി. ജി. കൃഷ്ണകുമാരിയമ്മ
125. ശ്രീ. കെ. പി. മത്തായി ഡിസംബർ 1982 മുതൽ
126. ,, ഇ. ജി. ജോൺ ഡിസംബർ 1982 മുതൽ
127. ,, എം. രാമകൃഷ്ണക്കുറുപ്പ് സെപ്തംബർ 1982 മുതൽ
128. ,, കെ. ശങ്കുണ്ണി ആഗസ്റ്റ് 1982 മുതൽ
129. ,, പി. എൻ. സുലൈമാൻ ആഗസ്റ്റ് 1982 മുതൽ

12. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ—

1. ശ്രീ. എസ്. ആർ. ശെൽവരാജ് സെപ്തംബർ 1982 വരെ
2. ,, എസ്. മാധവൻ നായർ
3. ,, കെ. പി. കരുണാകരൻ പിള്ള
4. ,, ഡി. സുകുമാരൻ നായർ സെപ്തംബർ 1982 മുതൽ
5. ,, ഡി. കെ. വിദ്യാനന്ദൻ
6. ,, വി. സി. കുര്യൻ
7. ,, സി. വി. ജോർജ്
8. ,, കെ. വി. കുഞ്ഞപ്പൻ നായർ
9. ,, കെ. നാരായണൻ നായർ
10. ,, കെ. എൻ. രാധാകൃഷ്ണൻ നായർ
11. ,, എൻ. ബാലകൃഷ്ണൻ നായർ ജൂലായ് 1982 മുതൽ
12. ,, കെ. ശിവപാലൻ ആഗസ്ററ് 1982 മുതൽ ഡിസംബർ 1982 വരെ
13. ,, കെ. അനന്തനാരായണയ്യർ ആഗസ്ററ് 1982 മുതൽ
14. ,, എം. കെ. ഷൺമുഖം
15. ,, എൻ. സുബ്രഹ്മണ്യപിള്ള സെപ്തംബർ 1982 വരെ
16. ,, കെ. പി. കൃഷ്ണൻ ഒക്ടോബർ 1982 വരെ

13. അഡീഷണൽ ജില്ലാ ആഫീസർ/പ്രൈസ് സൂപ്പർവൈസറി ആഫീസർ—

1. ശ്രീ. കെ. കൃഷ്ണൻ
2. ,, എസ്. ചന്ദ്രശേഖരൻ നായർ
3. ,, എം. നാരായണൻ
4. ,, എൻ. ബാലകൃഷ്ണൻ നായർ ജൂലായ് 1982 വരെ
5. ,, കെ. ശിവപാലൻ ആഗസ്ററ് 1982 വരെ
6. ,, സി. എ. ആനന്ദൻ

7. ശ്രീ. ജോർജ് മാത്യു
8. ശ്രീമതി പി. രാജമ്മാാം
9. ശ്രീ. ററി. പി. ഗോപിനാഥൻ
10. ,, കെ. പ്രഭാകരൻ
11. ശ്രീമതി എൻ. തങ്കമ്മ
12. ശ്രീ. എം. മുഹമ്മദ് മൂസാക്കുഞ്ഞ്
13. ,, കെ. രാമക്കുറുപ്പ്
14. ശ്രീമതി എം. എസ്. പുഷ്പകുമാരി
15. ശ്രീ. എ. വി. യാക്കോബ്
16. ,, പി. എം. പോാം
17. ,, ബി. നാരായണൻ
18. ,, കെ. ശ്രീധരൻ
19. ,, ററി. വി. ഫിലിപ്പോസ്
20. ,, കെ. പി. കൃഷ്ണൻ ഒക്ടോബർ 1982 വരെ
21. ,, ആർ. രവീന്ദ്രനാഥൻ കർത്താ
22. ,, ററി. യു. മത്തായി
23. ,, എൻ. ഗോപാലൻ നായർ
24. ,, കെ. പി. ഗോപിനാഥൻ
25. ,, എം. സി. സാമുവൽ
26. ,, ററി. ശ്രീധരൻ
27. ,, കെ. എം. യോഹന്നാൻ
28. ,, പി. എം. അബൂബേക്കർ
29. ,, വി. എസ്. ദാമോദരൻ നായർ
30. ,, കെ. എൻ. വാസുദേവൻ നായർ
31. ,, ജി. അരവിന്ദാക്ഷൻ നായർ
32. ,, കെ. ററി. സഖറിയ
33. ,, ററി. ജി. ശങ്കരൻ ഫെബ്രുവരി 1983 വരെ
34. ,, ഡി. സുകുമാരൻ നായർ സെപ്തംബർ 1982 വരെ
35. ,, സി. എ. യോഹന്നാൻ ജൂൺ 1982 വരെ
36. ,, എച്ച്. കുളത്തു അയ്യർ നവംബർ 1982 മുതൽ
37. ,, പി. ശ്രീധരൻ കർത്താ നവംബർ 1982 മുതൽ
38. ,, കെ. എസ്. നാരായണൻ നായർ സെപ്തംബർ 1982 മുതൽ

14. സ്ക്രൂട്ടിനി ആഫീസർമാർ—

1. ശ്രീമതി ജെ. സരോജിനീദേവി
2. ,, അന്നമ്മാ മാത്യു ആഗസ്ററ് 1982 വരെ
3. ,, എസ്. സരസ്വതി
4. ശ്രീ. സി. പി. മാത്ത്യുണ്ണി

15. മററു ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്യുന്ന സ്റ്റാററി സ്ററിക്കൽ ആഫീസർമാർ—

1. ശ്രീ. കെ. ആർ. രാജൻ
2. ,, കെ. ശ്രീകണ്ഠൻ നായർ
3. ,, എച്ച്. ജോൺസൺ

ഡെപ്യൂട്ടി ഹെൽത്ത് ആഫീസർമാർ—

1. എം. ശ്രീരാമൻ—കോഴിക്കോട് കോർപ്പറേഷൻ
2. വി. എ. ജനാർദ്ദനൻ—കൊച്ചിൻ ,,
3. കെ. സി. സുഗതൻ—കൊല്ലം ,,

ചെലവുകൾ—

റിപ്പോർട്ടു വർഷത്തിൽ വിവിധ പദ്ധതികൾക്കായി ചിലവായ തുകയുടെ വിവരം

| | നോൺ പ്ലാൻ 1982–83 | രൂപ |
|---|---|---|
| 304(ഡി) 1 | എക്കണോമിക്സ് ആൻറ് സ്റ്റാറ്റി സ്റ്റിക്സ് ബ്യൂറോ .. | 82,60,426 |
| 304(ഡി) 2 | ദേശീയ സാമ്പിൾ സർവേ .. | 6,26,621 |
| 304(ഡി) 6 | സംസ്ഥാന വരുമാന സ്ഥിതിവിവര കണക്കു വിഭാഗം .. | 2,09,950 |
| 304(ഡി) 7 | വില വിവരഘടകം ശക്തിപ്പെടുത്തൽ .. | 4,99,707 |
| 304(ഡി) 8 | ആസൂത്രണങ്ങൾക്കുവേണ്ടി ധനവിഭവ ങ്ങളുടെ സ്ഥിതിവിവരങ്ങൾക്കു വിഭാഗം ആരംഭിക്കൽ .. | 10,905 |
| 304(ഡി) 9 | നഗരങ്ങൾ, മുനിസിപ്പൽ പട്ടണങ്ങൾ ഇവയെ സംബന്ധിച്ച സ്ഥിതി വിവരങ്ങളും ജില്ലാ സ്ഥിതി വിവര ലഘുലേഖകളും തയ്യാറാ ക്കൽ .. | 20,171 |
| 304(ഡി)10 | ഔദ്യോഗിക സ്ഥിതി വിവരക്കണക്ക് ഏകോപനം .. | 53,770 |
| 304(ഡി)13 | വിലയിരുത്തൽ ഘടകം .. | 2,14,345 |
| 320എ(എഫ്)5 | വ്യാവസായിക സ്ഥിതിവിവരക്കണ ക്കുകൾ .. | 1,22,024 |
| 307(എഫ്) 1 | മണ്ണു സംരക്ഷണ വിലയിരുത്തൽ പരിപാടി .. | 75,758 |
| 283എ(ഇ) 1 | ഹൗസിംഗ് സ്റ്റാറ്റിസ്റ്റിക്കൽ സെൽ .. | 1,00,764 |
| 265(ഇ) 3 | മുനിസിപ്പാലിററികളിലെ സ്ററാറ്റി സ്ററിക്സ് വിഭാഗം ശക്തി പ്പെടുത്തൽ .. | 5,02,032 |
| | ആകെ .. | 1,06,96,473 |

പ്ലാൻ (1982–83)

| | | |
|---|---|---|
| 304(ഡി) 3 | സംസ്ഥാന സ്ററാററിസ്ററിക്കൽ ബ്യൂറോ സർവീസിലുള്ളവർക്കുള്ള പരിശീലന പരിപാടി .. | 41.918 |

| | | | രൂപ |
|---|---|---|---|
| 304(ഡി)12 | അതാതുകാലത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സർവേ | .. | 84,85,057 |
| 304(ഡി)15 | സാമ്പത്തിക സെൻസസും സർവേയും | .. | 3,17,690 |
| 304(ഡി)18 | മേഖല ഓഫീസിലേക്കു ജീപ്പു വാങ്ങൽ | .. | 72,068 |
| 304(ഡി)21 | ജലസേചന സ്ഥിതി വിവരക്കണക്കുകൾ | .. | 45,763 |
| 304(ഡി)22 | എക്കണോമിക്സ് ആൻറ് സ്റ്റാററിസ്റ്റിക്സ് ബ്യൂറോ ശക്തിപ്പെടുത്തൽ | .. | 4,14,656 |
| 304(ഡി)23 | സർവേകളും പഠനങ്ങളും | .. | 6,00,427 |
| 305(എം) 1 | കാർഷിക കാനേഷുമാരി | .. | 6,00,163 |
| 305(ഒ) 10 | മാർക്കററ് ഇൻറലിജൻസ് പുനഃസംഘടിപ്പിക്കൽ | .. | 2,28,191 |
| 281(ഐ) 3 | ജനസംഖ്യാപഠന കേന്ദ്രം | .. | 1,67,087 |
| 281(ഐ) 5 | ഉൽപ്പാദന ശേഷിക്കുറവിന് നിദാനമായ ഘടകങ്ങളെക്കുറിച്ചുള്ള സർവേ | .. | 6,105 |
| | ആകെ | .. | 1,09,79,125 |
| | മൊത്തം ചെലവ് | .. | 2,16,75,598 |

## അദ്ധ്യായം 2

## കൃഷി വിഭാഗം

1. കാർഷിക സ്ഥിതിവിവരണക്കണക്ക് വിഭാഗം.—1975–76-ൽ ആരംഭിച്ച ഈ പദ്ധതിയുടെ ഒന്നാം ഘട്ടം 1981 ജൂണിൽ പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ഒന്നാമത്തെ വർഷത്തെ സർവേകൾ 1982 ജൂണിൽ പൂർത്തിയായി. രണ്ടാമത്തെ വർഷത്തെ സർവേ 1982 ജൂലായിൽ ആരംഭിച്ചു നടന്നുകൊണ്ടിരിക്കുന്നു. വിവിധ വിളകൾ കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി, ഭൂവിനിയോഗങ്ങൾ മുതലായവ തിട്ടപ്പെടുത്തുക, ജലസേചനം ലഭിക്കുന്ന സ്ഥലത്തിൻെറ വിസ്തൃതി, പ്രധാന കാർഷിക വിളകളുടെ ഉൽപാദനം, അത്യുൽപാദനശേഷിയുള്ള നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിൻെറ വിസ്തൃതി എന്നിവയുടെ മതിപ്പ് തയ്യാറാക്കുക ഇവയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

266 വില്ലേജുകളാണ് ഈ കാലയളവിൽ സർവേ നടത്തുന്നതിനുവേണ്ടി തിരഞ്ഞെടുത്തത്. താലൂക്ക് ഒരു സ്ട്രാറ്റം ആയും റവന്യൂ വില്ലേജ് അതിൻെറ യൂണിററായും ഗണിച്ചുകൊണ്ടുള്ള ഏകതല സാമ്പിളിംഗ് ആണ് ഈ സർവേക്ക് അവലംബിച്ചിട്ടുള്ളത്.

1982–83-ലെ ഭൂവിനിയോഗത്തിൻെറയും ഓരോ വിളയും കൃഷി ചെയ്ത സ്ഥലത്തിൻെറയും വിവരങ്ങൾ ശേഖരിച്ചു. നെൽക്കൃഷിയെ പററിയുള്ള വിവരങ്ങൾ വിരിപ്പ്, മുണ്ടകൻ എന്നീ സീസണുകളിൽ പ്രത്യേക

മായി ശേഖരിച്ചിട്ടുണ്ട്. പുഞ്ചയിലെ വിവരങ്ങൾ 1983 ഒക്ടോബർ മാസത്തോടുകൂടി ശേഖരിക്കുന്നതാണ്. കൂടാതെ നെല്ല്, മരച്ചീനി, തെങ്ങ്, കവുങ്ങ്, കശുമാവ്, കൊക്കൊ, കരിമ്പ്, വെററില, മുരിങ്ങ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തി വിരിപ്പ്, മുണ്ടകൻ നെൽക്കൃഷിയുടെ വിവരങ്ങൾ തിട്ടപ്പെടുത്തുകയുണ്ടായി.

2. ഉൽപ്പാദന സ്ഥിതി വിവരം.—(എ) നെല്ല്.—1981–82–ലെ മുണ്ടകൻ, പുഞ്ച, 1982–83–ലെ വിരിപ്പ് എന്നീ കൃഷികളുടെ വിളവെടുപ്പ് പരീക്ഷണങ്ങളെയും ഫീൽഡ് സർവെയെയും അടിസ്ഥാനമാക്കി തയ്യാറാക്കിയ കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണം, ശരാശരി വിളവ്, ഉൽപ്പാദിപ്പിച്ച അരി എന്നിവ താഴെ കൊടുക്കുന്നു.

| വിളയുടെ പേര് | | പരീക്ഷണങ്ങളുടെ എണ്ണം | കൃഷിചെയ്ത സ്ഥലം (ഹെക്ടറിന്) | ശരാശരി വിളവ് കി. ഗ്രാം/ ഹെക്ടർ | ഉൽപ്പാദനം (ടൺ) |
|---|---|---|---|---|---|
| (1) | | (2) | (3) | (4) | (5) |
| മുണ്ടകൻ | 1982 | 1487 | 356073 | 2518 | 589154 |
| പുഞ്ച | 1982 | 1137 | 103700 | 2837 | 193328 |
| വിരിപ്പ് | 1983 | 1422 | 342669 | 2571 | 578328 |

(ബി) മരച്ചീനിയുടെ വിളവെടുപ്പ് പരീക്ഷണങ്ങൾ.—മുൻവർഷങ്ങളിലെപ്പോലെ കുട്ടനാട്, പറവൂർ, കൊച്ചി, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകൾ ഒഴികെ സംസ്ഥാനത്തെ മറ്റെല്ലാ താലൂക്കുകളിലും ഈ സർവെ നടത്തുകയുണ്ടായി. 1980–81-ൽ മരച്ചീനി കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തീർണ്ണവും ഉൽപ്പാദനവും മററും താഴെ കൊടുക്കുന്നു.

| വർഷം 1980–81 | |
|---|---|
| അപഗ്രഥിച്ച പരീക്ഷണങ്ങളുടെ എണ്ണം | 1226 |
| കൃഷി ചെയ്ത സ്ഥലം (ഹെക്ടർ) | 244990 |
| ശരാശരി വിളവ് ടൺ/ഹെക്ടർ | 16·58 |
| പച്ചക്കപ്പയുടെ ഉൽപ്പാദനം (ടൺ) | 4060911 |

1981–82-ലെ വിവരങ്ങൾ തിട്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

(സി) നെല്ല്, കവുങ്ങ്, കുരുമുളക്, കശുമാവ്, ഏലം, ചോളം, പൈനാപ്പിൾ, കൂവരക് എന്നിവയ്ക്ക് വിളവെടുപ്പ് പരീക്ഷണം നടത്തി. ഇതിൽനിന്നും ലഭിച്ച വിവരങ്ങൾ അപഗ്രഥിച്ചുകൊണ്ടിരിക്കുന്നു. 1982–83-ൽ തെങ്ങ്, കമുങ്ങ്, കശുമാവ്, കുരുമുളക് എന്നിവ കൂടാതെ കൊക്കൊ, കരിമ്പ്, വെറ്റില, മുരിങ്ങ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവക്കുകൂടി വിളവെടുപ്പ് പരീക്ഷണങ്ങൾ നടത്തുകയുണ്ടായി.

3. കാർഷികസ്ഥിതി വിവരക്കണക്ക്.—1980–81-ലെ കാർഷിക സ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിച്ചു. 1981–82-ലേത് തയ്യാറായി വരുന്നു.

പ്രധാനപ്പെട്ട വിളകാം കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയും, ഉൽപ്പാദനവും മുൻകൂട്ടി കണക്കാക്കുന്ന രീതി അനുസരിച്ച് ഈ വർഷവും പ്രസ്തുത റിപ്പോർട്ടുകാം തയ്യാറാക്കി നിശ്ചിത സമയത്തിന് ഇൻഡ്യാ ഗവൺമെൻറിനും മററു ബന്ധപ്പെട്ട ആഫീസുകാംക്കും അയച്ചുകൊടുത്തു.

മഴയുടെ സ്ഥിതിവിവരക്കണക്കുകാം തയ്യാറാക്കൽ.—സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽനിന്നും ദിവസേനയുള്ള മഴവിവരം ലഭിക്കുന്നു. ഇവ സമാഹരിച്ച് പൂനയിലെ ഒബ്സർവേറ്ററി അഡീഷണൽ ഡയറക്ടർ ജനറൽക്ക് അയച്ചുകൊടുത്തു.

സമാന്തര സാമ്പിാം പരിശോധനാ പദ്ധതി.—ടി. ആർ. എസ്സിന് തിരഞ്ഞെടുക്കപ്പെട്ട എല്ലാ വില്ലേജുകളിലും ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇവ ഡിപ്പാർട്ടുമെൻറിലെ അഡീഷണൽ ജില്ലാ ഓഫീസർമാരും നാഷണൽ സാമ്പിാം സർവേ ഓർഗനൈസേഷനിലെ ഉദ്യോഗസ്ഥൻമാരുമാണ് നിർവഹിച്ചത്.

കാർഷിക സെൻസസ് 1980–81.—ഭാരതത്തിലാകമാനം നടന്ന കാർഷിക സെൻസസിന്റെ ഭാഗമായി കേരളത്തിലും കാർഷികവർഷം 1980–81 അടിസ്ഥാനമായി കാർഷിക സെൻസസ് നടത്തുകയുണ്ടായി. കേന്ദ്ര ഗവൺമെൻറിന്റെ പൂർണ്ണ ധനസഹായത്തോടെ നടത്തുന്ന ഈ പദ്ധതിക്ക് നടപ്പു പദ്ധതിയിൽ 15·90 ലക്ഷം വകയിരുത്തിയിട്ടുണ്ട്.

സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങാം.—ഭൂപരിഷ്ക്കരണനിയമം നടപ്പാക്കിയതിനുശേഷം ഭൂമിയുടെ കൈവശാവകാശത്തിൽ വന്നിട്ടുള്ള മാറ്റങ്ങളും തൻമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങളും അപഗ്രഥിക്കുന്നതിനാവശ്യമായ വിവരങ്ങാം ശേഖരിക്കുക.

ഭൂവിനിയോഗം, കാർഷികവിളകളുടെ വിസ്തീർണ്ണം, ജലസേചന സൗകര്യം തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങാം ശേഖരിക്കുക.

വിത്ത്, വളം, കീടനാശിനികാം തുടങ്ങിയ കാർഷികാവശ്യത്തിനുള്ള അവശ്യഘടകങ്ങളെ (Inputs) പററി സമഗ്രമായ വിവരങ്ങാം ശേഖരിക്കുക.

കാർഷികാവശ്യങ്ങാംക്കുവേണ്ടി ഉപയോഗിക്കുന്ന ഉപകരണങ്ങാം, കന്നുകാലികാം തുടങ്ങിയവയെപ്പററിയും കാർഷികവായ്പയുടെ ലഭ്യതയേയും കുറിച്ച് പ്രധാന വിവരങ്ങാം ശേഖരിക്കുക, കൈവശഭൂമിയെക്കുറിച്ചുള്ള മേൽപ്പറഞ്ഞ വിവരങ്ങാം പൊതുവായും പട്ടികജാതി, പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച് പ്രത്യേകമായും തയ്യാറാക്കുന്നുണ്ട്.

പദ്ധതി.—കേരളത്തിലെ 58 താലൂക്കുകളിൽ ഓരോന്നിൽനിന്നും 10 ശതമാനം കരകളും/വാർഡുകളും ഈ സെൻസസിനു തെരഞ്ഞെടുത്തു. ഇപ്രകാരം 579 കരകളും 144 വാർഡുകളും സെൻസസ് പ്രവർത്തനങ്ങളുടെ പരിധിയിൽ വന്നു. തെരഞ്ഞെടുക്കപ്പെട്ട ഓരോ സാമ്പിളിലുമുള്ള കൃഷിഭൂമി കൈവശക്കാരുടെ പട്ടിക, സാമ്പിളിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് തയ്യാറാക്കുന്നു. ഭൂമി കൈവശക്കാരിൽ ഗാർഹിക കൈവശക്കാർ, സ്ഥാപന കൈവശക്കാർ എന്നീ രണ്ട് വിഭാഗം ഉള്ളതിനാൽ ഈ ഓരോ വിഭാഗത്തിനും പ്രത്യേകം പട്ടികകാം തയ്യാറാക്കുന്നു. പ്രധാന സെൻസസിന്റെ വിവരങ്ങാം ശേഖരിക്കുന്നതിനു ഗാർഹികകൈവശക്കാരുടെ പട്ടികയിൽനിന്നും വിസ്തീർണ്ണം അനുസരിച്ച് 5 സെൻറിനു മുകളിലുള്ളവയെ 6 ഭാഗങ്ങളായി തിരിച്ച് 5 സെൻറിനുമേൽ 2,499 സെൻറ് വരെയുള്ള 5 വിഭാ

ഗങ്ങളിൽനിന്നും 25% കൈവശക്കാരെയും 2,500 സെൻറും അതിനു മുകളിലുള്ളവയിൽനിന്നും എല്ലാവരേയും തെരഞ്ഞെടുക്കുന്നു. 5 സെൻറിനു താഴെയുള്ള കൈവശക്കാരെ പ്രധാന സെൻസസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓരോ സാമ്പിളിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട ഗാർഹിക കൈവശക്കാരിൽനിന്നും 20 ആളുകളെ (ഓരോ വിഭാഗത്തിൽനിന്നും 4 വീതം) തെരഞ്ഞെടുത്തു കാർഷികാവശ്യത്തിനു ഉപയോഗിക്കുന്ന നിവേശങ്ങളെ (ഇൻപുട്ട്സ്) പററിയും, കാർഷിക ഉപകരണങ്ങളെക്കുറിച്ചും കാർഷിക വായ്പയുടെ ലഭ്യതയെയും കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നു.

നടത്തിപ്പ്.—കാർഷിക സെൻസസ് നടപ്പാക്കുന്നതിനുള്ള ചുമതല സാമ്പത്തിക സ്ഥിതിവിവരവകുപ്പിൽ നിക്ഷിപ്തമാണ്. കേരളത്തിലെ ലാൻറ് റവന്യൂവിൻെറ ചുമതല വഹിക്കുന്ന ബോർഡ് മെമ്പർ സെൻസസ് കമ്മീഷണറും, സാമ്പത്തിക സ്ഥിതിവിവരവകുപ്പ് ഡയറക്ടർ സെൻസസ് ഡയറക്ടറുമാണ്.

തെരഞ്ഞെടുക്കപ്പെട്ട ഓരോ സാമ്പിളിലും സെൻസസ് സംബന്ധിച്ച ജോലികൾ വില്ലേജ് അസിസ്റ്റൻറുമാരാണ് നടത്തുന്നത്. റവന്യൂ ഇൻസ്പെക്ടർമാരും, തഹശീൽദാർമാരും അതിൻെറ മേൽനോട്ടം വഹിക്കുന്നു. നിവേശപര്യവേക്ഷണജോലി സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജില്ലാതലത്തിൽ ജില്ലാ കളക്ടർമാരും, ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാരും സെൻസസിൻെറ മേൽനോട്ടം വഹിക്കുന്നു. സെൻസസ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻമാർക്ക് പ്രത്യേക വേതനവും അനുവദിച്ചിട്ടുണ്ട്.

പ്രവർത്തന പുരോഗതി.—(1) പ്രധാന സെൻസസ്.—തെരഞ്ഞെടുക്കപ്പെട്ട സാമ്പിളുകളിലെ എല്ലാ വീടുകളും സന്ദർശിച്ച് കൃഷിഭൂമി കൈവശക്കാരുടെയും, ഗാർഹിക കൈവശക്കാരുടെയും സ്ഥാപന കൈവശക്കാരുടെയും പട്ടിക പ്രത്യേകം പ്രത്യേകം തയ്യാറാക്കുകയും പ്രധാന സെൻസസിനുവേണ്ടി ഗാർഹിക കൈവശക്കാരെ കൈവശഭൂമിയുടെ വിസ്തീർണ്ണം അനുസരിച്ച് പ്രത്യേകം പ്രത്യേകം വിഭാഗങ്ങളായി തിരിച്ച് ഓരോ വിഭാഗത്തിൽനിന്നും നിശ്ചിത തോതിലുള്ള കൈവശക്കാരെ തെരഞ്ഞെടുക്കുകയും പ്രസ്തുത കൈവശക്കാരിൽനിന്നും പ്രധാന സെൻസസിനാവശ്യമുള്ള വിവരങ്ങൾ നിശ്ചിത ഫോറത്തിൽ ശേഖരിക്കുക തുടങ്ങിയ ജോലികൾ റിപ്പോർട്ട് വർഷത്തിൽ പൂർത്തിയായി. പ്രധാന സെൻസസിൻെറ പൂരിപ്പിച്ച ഫാറങ്ങളുടെ പുനഃപരിശോധനയും, ടാബുലേഷൻ ജോലികളും വിവിധ ജില്ലാ ആസ്ഥാനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു.

നിവേശ പര്യവേഷണം.—നിവേശ പര്യവേഷണത്തിനാവശ്യമായ വിവരങ്ങളും പ്രസ്തുത കാലയളവിൽ ശേഖരിച്ചു.

സെൻസസ് പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻമാർക്ക് അനുവദിച്ച പ്രത്യേക വേതനവും നൽകുകയുണ്ടായി.

പദ്ധതിച്ചെലവ്.—സെൻസസ് പ്രവർത്തനങ്ങൾക്ക് റിപ്പോർട്ട് വർഷത്തിൽ ആകെ 5,70,154 രൂപ ചെലവായി.

കൃഷിച്ചിലവ് കണക്കാക്കൽ സർവെ.—സംസ്ഥാനത്തെ പ്രധാന വിളവുകളുടെ കൃഷിച്ചെലവ് കണക്കാക്കുന്നതിനായി നടത്തുന്ന ഈ സർവെയുടെ മൂന്നാംവർഷ സർവെ 1982 ഏപ്രിൽ 1-ാം തീയതി സംസ്ഥാനത്തെ പ്രധാനപ്പെട്ട വിളവുകളായ നെല്ല്, മരച്ചീനി, തെങ്ങ്, കമുക്,

കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷിച്ചെലവ് കണക്കാക്കുന്നതിനായി ഒന്നും രണ്ടും വർഷങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട 21 താലൂക്കുകളിൽ ഉൾപ്പെട്ട 42 വില്ലേജുകളിൽ ആരംഭിക്കുകയും 31-3-1983-ൽ പൂർത്തിയാക്കുകയും ചെയ്തു. ഓരോ വില്ലേജിലെയും തിരഞ്ഞെടുക്കപ്പെട്ട വിളവുകളെ സംബന്ധിച്ചുള്ള കൃഷി ചിലവിനെപ്പററി പഠനം നടത്തുന്നതിനു തെരഞ്ഞെടുക്കപ്പെട്ട നിലങ്ങളിൽ/പറമ്പുകളിൽ കൃഷി നടത്തുന്ന കൃഷിമുറകളും അവയ്ക്ക് വേണ്ടിവരുന്ന അദ്ധ്വാനവും ചിലവും സംബന്ധിച്ചുള്ള വിശദമായ വിവരങ്ങളും ശേഖരിച്ച് നിർദ്ദിഷ്ട ഫാറങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തു.

## അദ്ധ്യായം 3

## പ്രൈസസ് വിഭാഗം

ഈ ഡയറക്ടറേററിലെ പ്രൈസ് യൂണിററ്, പ്രൈസ് (ജനറൽ) ഇൻഡെക്സ് സീരീസ് എന്നീ രണ്ട് വിഭാഗങ്ങളോടുകൂടി തുടർന്നു പ്രവർത്തിച്ചുവന്നിരുന്നു. കമ്പോളനിലവാരത്തെ സംബന്ധിച്ച ജോലികൾ തിരുവനന്തപുരത്തേയും കോഴിക്കോട്ടെയും റീജിയണൽ ഓഫീസറന്മാരാണ് നിർവഹിച്ചു വരുന്നത്.

പ്രൈസ് ജനറൽ.—ഈ വിഭാഗം താഴെ പറയുന്ന ജോലികൾ തുടർന്നു നടത്തുകയുണ്ടായി.

1. 50 അവശ്യസാധനങ്ങളുടെ ദൈനംദിന വില ജില്ലാ തലസ്ഥാനങ്ങളിൽനിന്ന് ടെലക്സ് മുഖേന ശേഖരിച്ച് ക്രോഡീകരിച്ച് അടുത്ത ദിവസംതന്നെ ഗവൺമെൻറിലേക്ക് അയക്കുകയുണ്ടായി.

2. വിലയുടെ പ്രവണതയെ കാണിക്കുന്ന പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി ഗവൺമെൻറിലേക്ക് അയച്ചുവന്നിരുന്നു.

3. 92 ഇനം ഉപഭോക്തൃ സാധനങ്ങളുടെ പ്രതിവാര ചില്ലറ വില ശേഖരിച്ചു സൂചിക തയ്യാറാക്കി വന്നിരുന്നു.

ഉപഭോക്തൃവില സൂചിക കണക്കാക്കുന്നതിലുള്ള അപാകതകൾ പരിഹരിക്കുന്നതിനു വിമുക്തമായ കമ്മററിയുടെ ശുപാർശ അനുസരിച്ച് റേഷൻ സാധനങ്ങളുടെ ഓഫ് ടേക് സർവെ നടത്തുന്നതിനു 12 പ്രൈസ് സൂപ്പർവൈസറി ഓഫീസർ തസ്തിക സൃഷ്ടിക്കപ്പെടുകയുണ്ടായി. ആദ്യത്തെ സർവെ 1980 ഓഗസ്റ്റിൽ നടത്തുകയും 1980 ജൂലൈ മുതലുള്ള ഉപഭോക്തൃവില സൂചിക പ്രസ്തുത സർവേ റിസൾട്ട് ഉപയോഗിച്ച് കണക്കാക്കുകയും ചെയ്തു.

താഴെ പറയുന്ന 15 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളുടെ ഉപഭോക്തൃ വില സൂചിക തയ്യാറാക്കി പതിവുപോലെ ഗസററിൽ വിജ്ഞാപനം ചെയ്തു വന്നിരുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. ആലപ്പുഴ
5. കോട്ടയം
6. മുണ്ടക്കയം
7. മൂന്നാർ
8. എറണാകുളം
9. ചാലക്കുടി
10. തൃശ്ശൂർ
11. പാലക്കാട്
12. കോഴിക്കോട്
13. മലപ്പുറം
14. മേപ്പാടി
15. കണ്ണൂർ

ഉപഭോക്തൃവില സൂചിക കാണിക്കുന്ന സ്റേററുമെൻറുകൾ അവ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഗവൺമെൻറ്-സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നേരിട്ടു അയച്ചുകൊടുത്തിട്ടുണ്ട്.

ഇതിനു പുറമെ 85 അവശ്യ സാധനങ്ങളുടെ പ്രതിവാര ചില്ലറ വില്പന വില എല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ചിരുന്നു.

ലേബർ ബ്യൂറോ സീരീസിൻെറ ഉപഭോക്തൃ വില സൂചിക (കേന്ദ്ര സീരീസ്) തയ്യാറാക്കുവാൻവേണ്ടി 5 സെൻററുകളിൽനിന്നും ചില്ലറ വില്പനവില ഡിസമ്പർ 1980 വരെ ശേഖരിച്ചുവന്നിരുന്നു. 1971 അടിസ്ഥാനവർഷമായി കൊല്ലം, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽ നിന്ന് വില ശേഖരിച്ചിരുന്നത് 1980 ഡിസമ്പറിൽ നിർത്തുകയും 1981 അടിസ്ഥാനവർഷമായി കുടുംബബഡ്ജററ് സർവെ (ലേബർ ബ്യൂറോ) തിരുവനന്തപുരം, കൊല്ലം, മുണ്ടക്കയം, ആലുവാ എന്നീ സെൻററുകളിൽ നടത്തുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിക്കുകയും ചെയ്തു. ആലപ്പുഴ, ആലുവാ, മുണ്ടക്കയം എന്നിവിടങ്ങളിൽനിന്ന് പഴയ രീതിയിലുള്ള വില സൂചിക കണക്കാക്കുന്നതിനുള്ള വിലകൾ ശേഖരിച്ചുവരുന്നു.

1981 അടിസ്ഥാനവർഷമായി സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ കുടുംബബഡ്ജററ് സർവ്വെ നടത്തുകയുണ്ടായി. ഫീൽഡ് സർവെ കഴിഞ്ഞു റിപ്പോർട്ട് പൂർത്തിയായിട്ടില്ല. ആരോഗ്യവകുപ്പിൻെറയും നാട്ടുചികിൽസാ വകുപ്പിൻെറയും ഉപയോഗത്തിനായി ആശുപത്രികൾക്കാവശ്യമുള്ള ആഹാരസാധനങ്ങളുടെയും മററു പദാർത്ഥങ്ങളുടേയും കമ്പോള വില ഈ വർഷവും ശേഖരിച്ചു. സർക്കാരാശുപത്രികളിലും മററും സാധനങ്ങൾ എത്തിച്ചുകൊടുത്തതു സംബന്ധിച്ച കരാറുകൾക്ക് അന്തിമരൂപം കൊടുക്കാൻ ഇത് ആവശ്യമാണ്. ഈ വില ശേഖരണം ത്രൈമാസികമായി ഓരോ ത്രൈമാസികത്തിൻെറയും ആദ്യത്തെ വെള്ളിയാഴ്ച നടത്തപ്പെടുന്നു. ഇപ്രകാരം ശേഖരിക്കപ്പെടുന്ന അടിസ്ഥാനവില വിവരങ്ങൾ സൂക്ഷ്മ പരിശോധനക്കുശേഷം അംഗീകരിക്കപ്പെടുന്നു. അംഗീകരിക്കപ്പെടുന്ന വിലകൾ ജില്ലാ മെഡിക്കലാഫീസർ, ജില്ലാ ഇൻറിജീനിയസ് മെഡിക്കലാഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ, നാട്ടുചികിൽസാ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജുകൾ, ക്ഷയരോഗാശുപത്രികൾ, ഇ. എസ്. ഐ. ആശുപത്രികൾ, മൃഗസംരക്ഷണവകുപ്പിൻെറ കീഴിലുള്ള കന്നുകാലി, കോഴിവളർത്തൽ കേന്ദ്രങ്ങൾ, കാഴ്ചബംഗ്ലാവ് ഡയറക്ടർ, ജയിൽ ഇൻസ്പെക്ടർ ജനറൽ, കേരളത്തിലേയും തമിഴ്നാട്ടിലേയും പട്ടാള മേധാവികൾ തുടങ്ങിയവർക്ക് അയച്ചുകൊടുത്തിരുന്നു. ഡയററി സാധനങ്ങളുടെ വില ആവശ്യപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും വകുപ്പുകൾക്കും അവയുടെ ആവശ്യാനുസരണം വിവരങ്ങൾ നൽകപ്പെട്ടുവരുന്നു.

മാർക്കററ് ഇൻറലിജൻസ് മെച്ചപ്പെടുത്താനുള്ള പദ്ധതി.—കമ്പോള നിലവാരം, കമ്പോളത്തിൽ സാധനങ്ങൾ എത്തിച്ചേരൽ തുടങ്ങിയവയെപ്പററിയുള്ള വിവരങ്ങൾ പ്രാഥമികോല്പാദകർക്ക് കൃത്യസമയത്ത് നൽകുകയെന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം. സംസ്ഥാനത്തെ പ്രധാനപ്പെട്ട 17 വ്യാപാരകേന്ദ്രങ്ങളിൽ ഈ പദ്ധതി നിലവിലുണ്ട്.

ഈ പദ്ധതി അനുസരിച്ച് വില റിപ്പോർട്ട് ചെയ്യുന്ന കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനു അതാത് ജില്ലാ സ്ററാററിസ്ററിക്കൽ ഓഫീസർമാരും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള രണ്ട് റീജിയണൽ സ്ററാററിസ്ററിക്കൽ ഓഫീസർമാരായും മേൽനോട്ടം വഹിച്ചുവരുന്നു.

തിരുവനന്തപുരം മേഖലയിൽ 27-ം, കോഴിക്കോട് മേഖലയിൽ 10-ം മററു കേന്ദ്രങ്ങളിലെ കമ്പോളവില ഉൾപ്പെടുന്ന വില നിലവാര ബുള്ളററിൻ തയ്യാറാക്കി ദിവസേന ആകാശവാണിയുടെ തിരുവനന്തപുരം, കോഴിക്കോട് നിലയങ്ങളിൽ ഗ്രാമരംഗത്തിലോ, കാർഷികരംഗത്തിലോ പ്രക്ഷേപണം ചെയ്തുവരുന്നു.

പ്രതിവാര കമ്പോളനിലവാരാവലോകനം.—തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ പ്രധാനപ്പെട്ട കാർഷികവിഭവങ്ങളുടെ കമ്പോളനിലവാരാവലോകനം എല്ലാ ഞായറാഴ്ചയും വൈകുന്നേരം ആകാശവാണിയുടെ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്നതിനായി അയച്ചുകൊടുത്തു.

അരിയുടെ തുറന്ന കമ്പോള വിലയെക്കുറിച്ചുള്ള പ്രതിദിനറിപ്പോർട്ട്.—എല്ലാ ജില്ലാ തലസ്ഥാനങ്ങളിലും നിലവിലുള്ള അരിയുടെ തുറന്ന കമ്പോളവിലയെക്കുറിക്കുന്ന പ്രതിദിനറിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും സംസ്ഥാന റവന്യൂബോർഡിലെ സിവിൽ സപ്ലൈസ് അധികൃതർക്കും അയച്ചുകൊടുത്തുകൊണ്ടിരിക്കുന്നു. ഇതു കൂടാതെ പാലക്കാട് കേന്ദ്രത്തിലെ അരിയുടെ തുറന്ന കമ്പോളവിലയെക്കുറിച്ചുള്ള പ്രതിവാര റിപ്പോർട്ട് തയ്യാറാക്കി റിസർവ് ബാങ്കിനു അയച്ചുകൊടുത്തു വരുന്നു. ഇവയ്ക്കെല്ലാം ഉപരിയായി ഈ പദ്ധതി അനുസരിച്ച് മൊത്ത വിലയെ സംബന്ധിക്കുന്ന പല വിവരങ്ങളും കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് അവയുടെ ആവശ്യാനുസരണം ലഭ്യമായി വരുന്നു.

ഇൻഡക്സ് സീരീസ് വിഭാഗം (കാർഷിക ധനസംബന്ധം).—ഈ വിഭാഗം താഴെ പറയുന്ന സൂചികകൾ തയ്യാറാക്കി വരുന്നു.

1. കാർഷികോല്പന്നങ്ങളുടെ മൊത്തവില സൂചിക.

2. കാർഷിക വിഭവങ്ങളിൽ നിന്നുള്ള വരുമാനവും അവക്ക് വേണ്ടി വരുന്ന ചെലവും തമ്മിലുള്ള താരതമ്യപഠനസൂചിക.

3. കാർഷിക വേതന സൂചിക.

താഴെ പറയുന്ന ജോലികൾകൂടി ഈ വിഭാഗം നിർവഹിക്കുന്നുണ്ട്.

1. തൊണ്ടോടുകൂടിയ നാളികേരത്തിന്റെ ദ്വൈവാരികവില ശേഖരിച്ച് എറണാകുളത്തുള്ള ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിററിയുടെ സെക്രട്ടറിക്കും നീലേശ്വരത്തുള്ള ഡപ്യൂട്ടി ഡയറക്ടർക്കും (അഗ്രിക്കൾച്ചർ) അയച്ചുവരുന്നു.

2. 9 കാർഷികവിഭവങ്ങളുടെ വാർഷിക ശരാശരി വില തിട്ടപ്പെടുത്തി ന്യൂഡൽഹിയിലുള്ള എക്കണോമിക്സ് ആൻഡ് സ്ററാററിസ്ററിക്കൽ അഡ്വൈസർക്ക് അയച്ചുകൊണ്ടിരിക്കുന്നു.

3. കയറിന്റെ പ്രതിവാരവില തയ്യാറാക്കി എറണാകുളത്തുള്ള കയർ ബോർഡ് സെക്രട്ടറിയെ അറിയിച്ചുവരുന്നു.

4. കയറിന്റെതന്നെ പ്രതിമാസ വില വിവരം കേരളാ ഗസററിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി ഗവൺമെൻറ് പ്രസിലേക്കും നൽകി വരുന്നു.

5. കാർഷിക വിഭവങ്ങളുടെ വില വിവരങ്ങൾ ആവശ്യാനുസരണം പൊതുജനങ്ങൾക്ക് നൽകിവരുന്നു.

കാർഷിക വിഭവങ്ങളുടെ ചില്ലറ വില.—സംസ്ഥാനത്തെ എല്ലാ താലൂക്കുകളിൽനിന്നും പ്രധാനപ്പെട്ട 27 കാർഷികവിഭവങ്ങളുടെ പ്രതിമാസ ചില്ലറവില ശേഖരിച്ച് ഏകീകരിച്ച് കേരള ഗസററിൽ 1975 നവമ്പർ മുതൽ പ്രസിദ്ധപ്പെടുത്താറുണ്ടായിരുന്നത് ഈ വർഷവും തുടർന്നു നടത്തി വരുന്നു.

വരുമാന നിർമ്മാണവിഭാഗം.—കേരള സംസ്ഥാനത്തിൻെറ വാർഷിക വരുമാന കണക്കുകൾ തയ്യാറാക്കുകയും ആയതിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും അവ രൂപപ്പെടുത്തുകയുമാണ് മുഖ്യമായ പ്രവർത്തനം.

1980–81-ലെ ജില്ല തിരിച്ചുള്ള വരുമാനം നിർണ്ണയിച്ച് ടി വർഷത്തിലെ സംസ്ഥാനവരുമാനം തയ്യാറാക്കി. 1978–79 വർഷത്തിലെ സംസ്ഥാന വരുമാനനിർണ്ണയം കേന്ദ്രസ്ഥിതിവിവരസംഘടന (സി. എസ്. ഒ.) യുമായി ചർച്ച ചെയ്തു പുനർനിർണ്ണയം നടത്തി. 1980–81-ലെ കേരള സർക്കാർ ബഡ്ജററിൻെറ "എക്കണോമിക്സ് ആൻഡ് പർപസ്" തരംതിരിക്കൽ പൂർത്തിയാക്കി. 1976–77 മുതൽ 1979–80 വരെയുള്ള സംസ്ഥാന പൊതുമേഖലാ കണക്കുകൾ തിട്ടപ്പെടുത്തി. അതിനു പുറമെ പൊതുമേഖലയിലെ 1980–81-ലെ മൂലധന സമാഹരണസ്ഥിതി വിവരക്കണക്കുകളുടെ എസ്ററിമേററ് തയ്യാറാക്കി.

പട്ടിക തിരിച്ച് 1970–71 മുതൽ 1980–81 വരെയുള്ള സംസ്ഥാനത്തിൻെറ വരുമാനം ചുവടെ ചേർക്കുംപ്രകാരം നിജപ്പെടുത്തി.

| | തനതുവർഷ വിലകളിൽ | | 1970–71-ലെ വിലകളിൽ | |
|---|---|---|---|---|
| വർഷം | മൊത്ത വരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപ) | മൊത്ത വരുമാനം (ലക്ഷം രൂപയിൽ) | ആളോഹരി വരുമാനം (രൂപ) |
| (1) | (2) | (3) | (4) | (5) |
| 1970–71 | 1,19.822 | 567·18 | 1,19,822 | 567·18 |
| 1971–72 | 1 22,548 | 568·11 | 1,26,097 | 584·57 |
| 1972–73 | 1,39,366 | 632·76 | 1,29,266 | 586·91 |
| 1973–74 | 1,74,058 | 774·52 | 1,28,661 | 572·51 |
| 1974–75 | 1,99,075 | 868·79 | 1,30,019 | 567·42 |
| 1975–76 | 2,15,512 | 923·16 | 1,35,631 | 580·99 |
| 1976–77 | 2,32,772 | 979·56 | 1,34,102 | 564·33 |
| 1977–78 | 2,46,325 | 1,019·26 | 1,36,846 | 566·25 |
| 1978–79 | 2,68.972 | 1,095·43 | 1,40,306 | 571·42 |
| 1979–80 | 3,03,451 | 1,217·70 | 1,46,836 | 589·23 |
| 1980–81 | 3,31,421 | 1,311·83 | 1,49,007 | 589·80 |

അവലോകനം.—1980-81-ലേക്കുള്ള സംസ്ഥാനത്തിൻെറ നടപ്പു വർഷവിലയിൽ മൊത്തവരുമാനം 1979–80-ലെ വരുമാനത്തേക്കാൾ 9·22 ശതമാനം കൂടിയിട്ടുണ്ട്. 1970–71-ലെ വിലകളുടെ അടിസ്ഥാനത്തിൽ 1980–81-ലെ വരുമാനം മുൻവർഷത്തേക്കാൾ 1·46 ശതമാനം വർദ്ധിച്ചു. ആളോഹരി വരുമാനത്തിൻെറ വർദ്ധനവിലും ഈ സ്ഥിതിവിശേഷം

ദർശിക്കാവുന്നതാണ്. തനതുവർഷവിലയിൽ ആളോഹരി വരുമാനത്തിന്റെ വർദ്ധനവ് 7.73 ശതമാനവും 1970-71 വിലകളിൽ 0.1 ശതമാനവും ആയിരുന്നു.

കയററുമതി ഇറക്കുമതി സ്ഥിതിവിവരക്കണക്ക് വിഭാഗം.—തുറമുഖങ്ങൾവഴി വിദേശരാജ്യങ്ങളുമായി നടത്തുന്ന കയററുമതിയെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വാർഷിക കണക്കുകൾ തയ്യാറാക്കി വരുന്നു. പ്രസ്തുത വർഷം 1980–81-ലെ വാർഷികവിവരങ്ങൾ ശേഖരിച്ച് കേരളത്തിലെ മൊത്തം കടൽ മാർഗ്ഗകയററുമതി ഇറക്കുമതി കണക്കുകൾ തയ്യാറാക്കുകയും 1981–82-ലെ വാർഷിക വിവരങ്ങളുടെ ശേഖരണം ആരംഭിക്കുകയും ചെയ്തുകഴിഞ്ഞു.

വ്യവസായ ഉല്പന്ന സൂചിക.—1970-ലെ ഉല്പാദനം അടിസ്ഥാനമാക്കി 1975 സെപ്തമ്പർ മാസം 15-ാം തീയതി മുതലാണ് കേരളത്തിൽ വ്യവസായ ഉല്പന്നസൂചിക തയ്യാറാക്കൽ ആരംഭിച്ചത്. ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശം ത്രൈമാസിക വാർഷിക ഉല്പന്നസൂചിക റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതാണ്.

സൂചനവർഷം 31–3–1981, 30–6–1981, 30–9–1981, 31–12–1981 ഈ കാലഘട്ടങ്ങളിലേക്കുള്ള ത്രൈമാസിക ഉല്പാദനവിവരങ്ങൾ ശേഖരിക്കുകയും ആദ്യത്തെ രണ്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തു.

30–3–1982, 30–6–1982, 30–9–1982, 31–12–1982 ഈ കാലയളവിലേക്കുള്ള വാർഷികസ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കാനുള്ള പ്രാരംഭനടപടികൾ നടത്തുകയും ചെയ്തു.

ഭവനനിർമ്മാണക്കണക്കുകളും, വേതനഘടനാ സർവെയും.—റിപ്പോർട്ട് വർഷത്തിൽ ഈ വിഭാഗം ഭവനനിർമ്മാണരംഗത്തെ പ്രവർത്തനങ്ങളെക്കുറിച്ചും, കെട്ടിടനിർമ്മാണജോലിക്കാരുടെയും വ്യാപാരസ്ഥാപനങ്ങളിലെ ജോലിക്കാരുടെയും വേതനഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവ വിശകലനം ചെയ്തു റിപ്പോർട്ടുകളും പട്ടികകളും തയ്യാറാക്കുകയും ചെയ്തു.

1. ഭവനനിർമ്മാണം.—മുനിസിപ്പൽ ഭരണവകുപ്പ് ഡയറക്ടർ ആഫീസിലെ ഭവനനിർമ്മാണസ്ഥിതിവിവരക്കണക്ക് വിഭാഗം. കേരളത്തിലുള്ള മുനിസിപ്പാലിററികൾ അനുവാദം നൽകിയ സ്വകാര്യമേഖലയിലുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുടെ പാദവാർഷിക കണക്കുകൾ 30–9–1981 മുതൽ 31–3–1982 വരെയുള്ള കാലയളവിലേക്കുള്ളവ ശേഖരിച്ച് സഞ്ചിതപ്പെടുത്തിയ വിവരപ്പട്ടികകൾ സൂക്ഷ്മപരിശോധനക്കായി ഈ വിഭാഗത്തിലേക്ക് അയച്ചുതരുകയും ഇവിടെ സൂക്ഷ്മപരിശോധനക്കുശേഷം അവ ഡൽഹിയിലുള്ള ദേശീയ കെട്ടിടനിർമ്മാണസമിതിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ഈ വിഭാഗം തിരുവനന്തപുരം, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനുകളിൽനിന്നും കെട്ടിടനിർമ്മാണ പ്രവർത്തനങ്ങളെപ്പററിയുള്ള സ്ഥിതിവിവരക്കണക്കുകളും ശേഖരിക്കുകയുണ്ടായി. തിരുവനന്തപുരം കോർപ്പറേഷനിൽനിന്നും 31–3–1982 മുതൽ 31–12–1982 വരെയും കോഴിക്കോട് കോർപ്പറേഷനിൽനിന്നും 30–6–1982 മുതൽ 31–12–1982 വരെയുമുള്ള കാലയളവിലേക്കുള്ള കെട്ടിടനിർമ്മാണപ്രവർത്തനങ്ങളുടെ വിവരങ്ങൾ ശേഖരിക്കുകയും സഞ്ചിതപ്പെടുത്തിയ പട്ടികകൾ തിരുവനന്തപുരം കോർപ്പറേഷൻേറത്

31-3-1981 മുതൽ 31-12-1981 വരെയും കൊച്ചിൻ കോർപ്പറേഷന്റേത് 31-3-1980 മുതൽ 31-12-1980 വരെയുമുള്ളവ ദേശീയ കെട്ടിടനിർമ്മാണ സമിതിക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

പൊതുമരാമത്തുവകുപ്പിലെ കെട്ടിടനിർമ്മാണ സ്ഥിതിവിവരക്കണക്കു വിഭാഗം പൊതുമരാമത്തുവകുപ്പിൽനിന്നും ഇരുപതിനായിരം രൂപയ്ക്കു മേൽ ചിലവുചെയ്തു നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ അർദ്ധവാർഷിക ക്രമത്തിന് ശേഖരിച്ചത് 31-3-1981, 30-9-1981 എന്നീ കാലയളവിലേക്കുള്ളവ സഞ്ചിതപ്പെടുത്തിയ പട്ടികകൾ സൂക്ഷ്മ പരിശോധനക്കായി ഈ ആഫീസിലേക്ക് അയച്ചുതരുകയും അവ ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

ഇവ കൂടാതെ ഈ വിഭാഗം കെട്ടിടനിർമ്മാണ സാധനങ്ങളുടെ വിലനില വാർവും കെട്ടിടനിർമ്മാണജോലിക്കാരുടെ വേതന നിരക്കും സംബന്ധിച്ച് വിവരങ്ങൾഎല്ലാ ജില്ലാ തലസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് സഞ്ചിതപ്പെടുത്തി ഓരോ ത്രൈമാസങ്ങളിലേക്കുള്ള സ്ഥിതി വിവരപ്പട്ടികകൾ തയ്യാറാക്കി റിപ്പോർട്ടു വർഷത്തിൽ ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക്അയച്ചുകൊടുത്തിട്ടുണ്ട്.

കൂടാതെ കേരളത്തിലെ കെട്ടിടനിർമ്മാണ ചിലവിന്റെ 1971-ലേത് അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം കേന്ദ്രത്തിന്റെ സൂചിക 1981-ലേത് തയ്യാറാക്കുകയും ദേശീയ കെട്ടിടനിർമ്മാണ സമിതിയിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

2. വേതന ഘടനാസർവേ.—വേതന ഘടനാസർവേ മുൻരീതിയനുസരിച്ച്1982-83-ൽ പുതിയതായി ആരംഭിച്ച അഞ്ചുവർഷത്തേക്കുള്ള സർവേയുടെ ഒന്നാംവർഷ പ്രവർത്തനം നാലു ത്രൈമാസങ്ങളിലായി നടത്തപ്പെട്ടു.

റിപ്പോർട്ടുവർഷത്തിലെ ആദ്യത്തെ മൂന്നു ത്രൈമാസങ്ങളിലെയും വിവരങ്ങളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി. ഈ സർവേയിൽ നഗരങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും മൊത്തവ്യാപാര സ്ഥാപനങ്ങളിലും ചില്ലറ വ്യാപാരസ്ഥാപനങ്ങളിലും നിർമ്മാണമേഖലയിലെ വിവിധ വിഭാഗം തൊഴിലാളികളുടെ വേതന നിരക്കും ശേഖരിച്ചിട്ടുണ്ട്. 1981-82-ലെ സ്ഥിതിവിവരങ്ങൾ സഞ്ചിതപ്പെടുത്തി പട്ടികകൾ തയ്യാറാക്കിയിട്ടുണ്ട്.

## അദ്ധ്യായം 4

## ഔദ്യോഗിക സ്ഥിതിവിവരം

1. തൊഴിൽ സ്ഥിതിവിവരക്കണക്ക്വിഭാഗം.—തൊഴിൽ നിയമങ്ങളുടെ പരിധിയിൽപ്പെടുന്നതൊഴിൽശാലകളിലെ സ്ഥിതിവിവരക്കണക്കുകൾഭാരത സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ലേബർബ്യൂറോ സിംലയുടെ നിർദ്ദേശ പ്രകാരം ശേഖരിച്ച് സഞ്ചിതപ്പെടുത്തി സർക്കാരിന് സമർപ്പിക്കുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന റിപ്പോർട്ടുകളും സ്റേറ്റുമെന്റുകളും തയ്യാറാക്കി ലേബർബ്യൂറോയ്ക്ക് അയച്ചുകൊടുത്തു.

(1) വർഷന്തോറും നടന്നിട്ടുള്ള പുതിയ ഫാക്ടറികളുടെ രജിസ്ട്രേഷനും ക്യാൻസലേഷനും ആദ്യന്തം പുനഃപരിശോധനയ്ക്കു വിധേയമാക്കി നിലവിലുള്ള ഫാക്ടറികളുടെ കൃത്യവും വ്യക്തവുമായ രജിസ്റ്റർ ഉണ്ടാക്കി.

(2) ഫാക്ടറികളിൽനിന്നും ലഭ്യമായിട്ടുളള 1981-ലെ ആദ്യ അർദ്ധ വർഷത്തെ എംപ്ലോയ്മെൻറിനെകുറിച്ചുളള റിട്ടേണുകൾ പരിശോധിച്ച് അർദ്ധ വർഷാവസാന സ്റേറ്റുമെൻറ് സഞ്ചിതപ്പെടുത്തി.

(3) 1948-ലെ ഫാക്ടറി ആക്ടനുസരിച്ച് തൊഴിലിനെ സംബന്ധിച്ച 1981-ലെ വാർഷിക റിപ്പോർട്ടും അതിനോടനുബന്ധപ്പെട്ട മറ്റു സ്റേറ്റുമെൻറുകളും തയ്യാറാക്കി.

(4) 1936-ലെ പേയ്മെൻറ് ഓഫ് വേജസ് ആക്ട് അനുസരിച്ചുളള 1000 രൂപയിൽ കവിയാതെ ശമ്പളം പററുന്ന ഫാക്ടറി തൊഴിലാളികളെ സംബന്ധിച്ചുളള കണക്കുകൾ ശേഖരിച്ച് സ്റേറ്റുമെൻറ് സഞ്ചിതപ്പെടുത്തി.

(5) ഫാക്ടറി എസ്ററാബ്ലിഷ്മെൻറ് തുടങ്ങിയവയിൽ ഉണ്ടായിട്ടുളള തൊഴിൽത്തർക്കം, പണിമുടക്ക്, ഫാക്ടറി പൂട്ടൽ, ലേ-ഓഫ്, പിരിച്ചുവിടൽ മുതലായവയെക്കുറിച്ചുളള പ്രതിമാസ പ്രത്യവലോകന റിപ്പോർട്ടുകൾ ജില്ലാ ഓഫീസിൽനിന്നും ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കുശേഷം സ്റേറ്റ്മെൻറ് തയ്യാറാക്കി.

(6) 1961-ലെ പ്രസവാനുകൂല ചട്ടമനുസരിച്ച് തോട്ടങ്ങളിലേയും ഫാക്ടറികളിലേയും സ്ത്രീത്തൊഴിലാളികൾക്ക് 1981 വർഷത്തിൽ നൽകപ്പെട്ടിട്ടുളള അവധി, സാമ്പത്തികാനുകൂല്യങ്ങളെക്കുറിച്ചുളള വസ്തുതകൾ മുതലായവ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിൽനിന്നും ശേഖരിച്ച് പരിശോധനാവിധേയമാക്കി സ്റേറ്റുമെൻറും സംയുക്ത റിപ്പോർട്ടും തയ്യാറാക്കി.

മെക്കാനിക്കൽ ടാബുലേഷൻ വിഭാഗം.—ഈ ഡിപ്പാർട്ടുമെൻറിൻെറ ആഭിമുഖ്യത്തിൽ കാലാകാലങ്ങളിൽ നടത്തുന്ന വിവിധ സർവേകളുടെ പട്ടികകൾ തയ്യാറാക്കുന്നതിനുളള കാർഡുകൾ പഞ്ച്ചെയ്യുകയും തരംതിരിക്കുകയും പട്ടികകൾ തയ്യാറാക്കുകയുമാണ് ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ മററു വകുപ്പുകളിലെ സമാനജോലികളും ഈ വിഭാഗം ഏറെറടുത്ത് നടത്താറുണ്ട്.

പ്രസ്തുത കാലയളവിൽ കേരളത്തിൽ മൊത്തത്തിൽ നടത്തിയ എക്ണോമിക് സെൻസസ്, സെൻസസ് ഓഫ് ഗവൺമെൻറ് എംപ്ലോയീസ് എന്നിവയുടെ വിവരങ്ങൾ പഞ്ച് ചെയ്ത് വെരിഫൈചെയ്യുകയും എക്ണോമിക് സെൻസസ് വിവരങ്ങൾ അടങ്ങിയ കാർഡുകൾ യൂണിവേഴ്സിറ്റി കമ്പ്യൂട്ടർ സെൻററിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു.

## അദ്ധ്യായം 5

## ജനസംഖ്യാ പഠനം

ജനസംഖ്യാ ഗവേഷണകേന്ദ്രം.—1958 ആഗസ്ററിൽ ഡയറക്ടറേറ്റ് ഓഫ് എക്ണോമിക്സ് ആൻറ് സ്ററാറ്റിസ്ററിക്സ് വകുപ്പിൻെറ ഭാഗമായിആരംഭിച്ച ജനസംഖ്യാഗവേഷണകേന്ദ്രം സന്താനോൽപ്പാദനം, മരണം, കുടിയേററം, ജനസംഖ്യാവർദ്ധനവ്, കുടുംബക്ഷേമം തുടങ്ങിയവയിൽ ഗവേഷണ പഠനങ്ങൾ നടത്തുകയുണ്ടായി.

റിപ്പോർട്ടുവർഷത്തിൽ താഴെ പറയുന്ന പഠനങ്ങൾ ഈ കേന്ദ്രം ഏറെറടുത്തു നടത്തുകയുണ്ടായി:—

1. പൂർത്തിയാക്കിയ പഠനങ്ങൾ.— കുടുംബക്ഷേമ പരിപാടികളുടെ സമീപകാല നേട്ടങ്ങളും അത് ജനന നിരക്ക് കുറക്കുന്നതിൽ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നുമുളള ഒരു പഠനം.

2. പെരുങ്കടവിള പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ വരുന്ന ഭൂപ്രദേശത്തെ ജനന-മരണ നിരക്ക് കണ്ടുപിടിക്കുന്നതിനുള്ള പഠനം.—പെരുങ്കടവിള പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനപരിധിയിൽ പ്രത്യുൽപ്പാദനശേഷിയുള്ള ദമ്പതികളിൽ ഭൂരിപക്ഷവും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നാണ് പഠനം തെളിയിച്ചത്, കുടുംബക്ഷേമരംഗത്ത് ഉണ്ടായിട്ടുള്ള ഈ നേട്ടത്തിന്റെ ഫലമായി ജനന നിരക്കിൽ എത്രമാത്രം കുറവ് വന്നിട്ടുണ്ട് എന്നീകാര്യങ്ങൾ മനസ്സിലാക്കുക എന്ന ഉദ്ദേശമാണ് പ്രധാനമായും ഈ പഠനത്തിൽ അടങ്ങിയിരിക്കുന്നത്. പഠനമേഖലയിലുള്ള എല്ലാ വീടുകളും സന്ദർശിച്ചു ബന്ധപ്പെട്ടവരിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചുമതല വഹിച്ചത് പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഉദ്യോഗസ്ഥൻമാർതന്നെയാണ്. ജനന നിരക്ക് കുടുംബക്ഷേമപരിപാടികളുടെ ഫലമായി ഈ പ്രദേശത്ത് ഗണ്യമായി കുറഞ്ഞതായിട്ടാണ് പഠനം കാണിക്കുന്നത്. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം ജില്ലയിലെ സാമ്പിൾ രജിസ്ട്രേഷൻ വില്ലേജുകളിൽനടത്തിയ സാമൂഹ്യ-സാമ്പത്തിക പഠനം.—തിരുവനന്തപുരം ജില്ലയിൽ ജനന-മരണനിരക്കുകൾ തിട്ടപ്പെടുത്തുന്നതിനുവേണ്ടിയുള്ള സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ള ഗ്രാമപ്രദേശങ്ങളിലെ നിവാസികളുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നതിനും അവ ഗ്രാമതലത്തിൽ സന്താനോൽപ്പാദനത്തെ എപ്രകാരം ബാധിച്ചിരിക്കുന്നുവെന്നും മനസ്സിലാക്കാനുദ്ദേശിച്ചുള്ളതായിരുന്നു ഈ പഠനം. പ്രസ്തുത പ്രദേശങ്ങളിലെ രജിസ്ട്രേഷൻ രേഖകളിൽനിന്നും ലഭ്യമായ ഗ്രാമതല ജനന-മരണനിരക്കുകളും അതിനനുബന്ധമായ മററു വിവരങ്ങളും സാമൂഹ്യ-സാമ്പത്തിക നിലവാരവും തമ്മിലുള്ള ബന്ധങ്ങൾ മനസ്സിലാക്കാൻ ഈ പഠനങ്ങൾകൊണ്ട് സാധിച്ചു. പഠനമേഖലയിൽ നിന്നും കിട്ടിയ വിവരങ്ങൾ വിശകലനംചെയ്ത് പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

4. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ നടപ്പാക്കിയിട്ടുള്ള ആരോഗ്യ പ്രവർത്തക പദ്ധതിയുടെ വിലയിരുത്തൽ പഠനം.—തിരുവനന്തപുരം ജില്ലയിലേയും കോഴിക്കോട് ജില്ലയിലേയും ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നടപ്പാക്കിയ വിവിധോദ്ദേശ ആരോഗ്യപ്രവർത്തക പദ്ധതിയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്ത് പദ്ധതിയുടെ ജയാപജയങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്.

പുരോഗതിയിലുള്ള പഠനങ്ങൾ:—

1. മലപ്പുറം, ആലപ്പുഴ ജില്ലകളിലെ കുടുംബ സംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തൽ.—കുടുംബസംവിധാന പ്രവർത്തനങ്ങളുടെ വിലയിരുത്തലിന് രണ്ടാമതായി തെരഞ്ഞെടുത്തത് മലപ്പുറം ജില്ലയാണ്. മൂന്നാമതായി ആലപ്പുഴയും തിരഞ്ഞെടുത്തിട്ടുണ്ട്. കുടുംബക്ഷേമ പ്രവർത്തന രംഗത്തുള്ള പ്രഖ്യാപിത നേട്ടങ്ങളുടെ യാഥാർത്ഥ്യവും സ്വഭാവവും കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുള്ളവരുടെ എണ്ണം, വയസ്സ്, ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം, വിദ്യാഭ്യാസം, തൊഴിൽ, വിവാഹപ്രായം എന്നിവയാണ് പ്രധാനമായും ഈ പഠനത്തിലുള്ളത്. ജില്ലകളിലുള്ള

ഏതാനും വാർഡുകളാണ് ഈ പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. അതനുസരിച്ച് മലപ്പുറം ജില്ലയിലെ വാർഡുകളിലെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞു. ശേഖരിച്ച വിവരങ്ങൾ വിശകലനംചെയ്ത് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ആലപ്പുഴ ജില്ലയിൽ ഏതാനും വാർഡുകളാണ് പഠനത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ രണ്ടു വാർഡുകളിലെ വിവരങ്ങൾ മാത്രമെ ശേഖരിച്ചിട്ടുള്ളു.

2. ജില്ലാടിസ്ഥാനത്തിലുള്ള ജനന-മരണ നിരക്കുകൾ കണ്ടുപിടിക്കുന്നതിനുള്ള പഠനം.—സാമ്പിൾ രജിസ്ട്രേഷൻ പദ്ധതിയനുസരിച്ച് ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഉപയോഗിച്ചു ജില്ലാതലത്തിലുള്ള ജനന-മരണ നിരക്കുകൾ കണക്കാക്കാനുദ്ദേശിച്ചുള്ളതാണ് ഈ പഠനം. നിരക്കുകൾ കണക്കാക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്നു.

3. ഗർഭനിരോധന ഗുളികകളുടെ ഉപയോഗത്തെ സംബന്ധിച്ചുള്ള പഠനം.—ഗർഭനിരോധന ഗുളികകളുടെ ഉപയോഗത്തിലുള്ള പ്രചാരണം, തൽഫലമായി സന്താനോൽപ്പാദനത്തിലുണ്ടാകുന്ന പ്രത്യാഘാതം എന്നിവ വിലയിരുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണീ പഠനം. ആയതിലേക്കു വേണ്ടിയുള്ള വിവരങ്ങൾ ആരോഗ്യ വകുപ്പിൽനിന്നും ശേഖരിച്ചുകൊണ്ടിരിക്കുന്നു.

4. ദേശാന്തരഗമനം സന്താനോൽപ്പാദനത്തിലുണ്ടായിട്ടുള്ള പ്രത്യാഘാതത്തെ സംബന്ധിച്ചുള്ള പഠനം.—നടത്താനുദ്ദേശിക്കുന്ന ഒരു ബൃഹത്തായ പഠനത്തിന്റെ മുന്നോടിയായിട്ടാണ് ഈ ചെറിയ പഠനം ഈ കേന്ദ്രം ഏറ്റെടുത്തിട്ടുള്ളത്. ദേശാന്തരഗമനം സന്താനോത്പാദനത്തിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം വിലയിരുത്താനുദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പഠനം. കേരളത്തിൽ ആലപ്പുഴ ജില്ലയിലെ രണ്ടു കേന്ദ്രങ്ങൾ ഇതിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്. ചെങ്ങന്നൂർ മുനിസിപ്പാലിററിയിൽനിന്നും കോയിപ്പുറം പഞ്ചായത്തിൽനിന്നും ആണ് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളത്. ആലപ്പുഴ ജില്ലയിൽ കൂടുതൽ വിദേശയാത്രക്കാർ ഉള്ളത് ഈ രണ്ടു കേന്ദ്രങ്ങളിലായിരുന്നു. ഈ രണ്ടു കേന്ദ്രങ്ങളിലെ വിവരങ്ങൾ ശേഖരിച്ചുകഴിഞ്ഞിട്ടുണ്ട്. മററു ജോലികൾ പൂർത്തിയായിട്ടില്ല.

5. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി—ഗ്രാമപ്രദേശങ്ങളിൽ.—സ്റ്റാറ്റ്യൂട്ടറി സിവിൽ രജിസ്ട്രേഷനിലുള്ള തുടർച്ചയായ അപൂർണ്ണതയും അപാകതയും നിമിത്തം കൃത്യവും വിശ്വസനീയവുമായ ജനന-മരണ നിരക്കുകൾ ലഭ്യമാക്കുന്നതിനുവേണ്ടി, ഭാരത രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള പൊതുനിർദ്ദേശമാനുവൽ അനുസരിച്ച് ആവിഷ്കരിച്ചിട്ടുള്ള സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി, കേരളത്തിലെ ഗ്രാമപ്രദേശങ്ങളിൽ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടറേറ്റും പട്ടണപ്രദേശങ്ങളിൽ സെൻസസ് വകുപ്പുമാണ് നടപ്പാക്കിവരുന്നത്. 1964-65-ൽ ഒരു പൈലററ് പദ്ധതിയായിട്ടാവിഷ്ക്കരിച്ച ഈ പദ്ധതി 1965 ജൂലൈ മുതൽ ഗ്രാമപ്രദേശങ്ങളിലും 1970 മുതൽ പട്ടണപ്രദേശങ്ങളിലും പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ തുടങ്ങി.

1961 സെൻസസ്പ്രകാരം ഗ്രാമപ്രദേശങ്ങളിൽ ഒട്ടാകെ 150 സാമ്പിളുകൾ തെരഞ്ഞെടുത്താണ് പദ്ധതികൾ നടപ്പാക്കിത്തുടങ്ങിയത്. മലനാട്, ഇടനാട്, തീരപ്രദേശം എന്നീ പ്രകൃതി വിഭാഗങ്ങളിൽ ജനസംഖ്യ അനുസ

രിച്ച് 500-നു താഴെ, 500-നും 1000-ത്തിനും ഇടയ്ക്ക്, 1000-ത്തിനും 1999-നും ഇടയ്ക്ക്, 2000-നു മുകളിൽ എന്ന വിധത്തിൽ നാലു ഗ്രൂപ്പുകളായി ഗ്രാമങ്ങളെ തരംതിരിച്ചതിനുശേഷം, മേൽപ്പറഞ്ഞ ഗ്രാമങ്ങളിൽ എത്ര വീതം ഓരോ ഗ്രൂപ്പിലും വരുമെന്ന് ജനസംഖ്യാനുപാതികമായി നിർണ്ണയിച്ചു; സാമ്പിൾ ഗ്രാമങ്ങൾ തെരഞ്ഞെടുത്തു. 2000-ന് മുകളിൽ ജനസംഖ്യയുള്ള ഗ്രാമങ്ങളെ 2000-ത്തിനോടടുപ്പിച്ച് ജനസംഖ്യയുള്ള ഭാഗങ്ങളായി തിരിച്ച്, അതിൽനിന്നും ഒരു ഭാഗം തെരഞ്ഞെടുത്തു. 1981 വരെ ഈസാമ്പിളുകൾ വഴിയാണ് വിവരശേഖരണം നടത്തിയിരുന്നതെങ്കിൽ, മേൽപ്പറഞ്ഞ 150സാമ്പിളുകളിൽനിന്നും 1982 ജനുവരി മുതൽ 75 സാമ്പിളുകളും 1983 ജനുവരി മുതൽ ബാക്കി 75 സാമ്പിളുകളും മാററി പകരം സാമ്പിളുകൾ തെരഞ്ഞെടുത്ത് പ്രവർത്തനം നടത്തിവരികയാണ്. പ്രകൃതിവിഭാഗങ്ങളുടെ പരിഗണനയില്ലാതെ, ദക്ഷിണമേഖല, ഉത്തരമേഖല എന്ന് രണ്ടു മേഖലകളായി തിരിച്ചുകൊണ്ടാണ് 1981 സെൻസസ് പ്രകാരം പുതിയ സാമ്പിളുകൾ തെരഞ്ഞെടുത്തത്.

തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു:

| ജില്ല | സാമ്പിളുകളുടെ എണ്ണം (ജനസംഖ്യാടിസ്ഥാനത്തിൽ) | | | | |
|---|---|---|---|---|---|
| | 500-ന് താഴെ | 500-നും 1000-നും ഇടയ്ക്ക് | 1000-നും 1999-നും ഇടയ്ക്ക് | 2000-ന് മുകളിൽ | ആകെ |
| (1) | (2) | (3) | (4) | (5) | (6) |
| 1. ഉത്തരമേഖല— | | | | | |
| (1) കണ്ണൂർ | 1 | .. | .. | 17 | 18 |
| (2) വയനാട് | .. | .. | .. | 7 | 7 |
| (3) കോഴിക്കോട് | 1 | .. | 1 | 7 | 9 |
| (4) മലപ്പുറം | .. | 1 | 2 | 9 | 12 |
| (5) പാലക്കാട് | .. | 1 | 3 | 11 | 15 |
| 2. ദക്ഷിണമേഖല— | | | | | |
| (1) തൃശ്ശൂർ | 1 | 2 | 3 | 11 | 17 |
| (2) എറണാകുളം | .. | .. | 1 | 9 | 10 |
| (3) ഇടുക്കി | 1 | .. | 2 | 5 | 8 |
| (4) കോട്ടയം | .. | 1 | 1 | 8 | 10 |
| (5) ആലപ്പുഴ | .. | .. | 2 | 11 | 13 |
| (6) കൊല്ലം | .. | .. | 1 | 15 | 16 |
| (7) തിരുവനന്തപുരം | .. | .. | .. | 15 | 15 |
| ആകെ | 4 | 5 | 16 | 125 | 150 |

ബന്ധപ്പെട്ട ജീവനക്കാർ.—തെരഞ്ഞെടുക്കപ്പെട്ട ഓരോ ഗ്രാമത്തിലും കഴിയുന്നിടത്തോളം ആ സാമ്പിളിൽത്തന്നെ സ്ഥിരതാമസവും, ഏതെങ്കിലും ജോലിയും ഈ സർവേയിൽ താൽപ്പര്യവും ഉള്ള ഒരാളെ എന്യൂമറേറ്ററായി

നിയമിക്കുന്നു. ജനസംഖ്യാനുപാതികമായി എന്യൂമറേറ്റർമാർക്ക് 45 രൂപ മുതൽ 60 രൂപ വരെ പ്രതിമാസ ഓണറേറിയം നൽകി വരുന്നുണ്ട്. പ്രതിമാസ വിവരശേഖരണം എന്യൂമറേറ്റർമാർ നടത്തുമ്പോൾ 13 കമ്പ്യൂട്ടർമാരും 12 അഡീഷണൽ ജില്ലാ ഓഫീസർമാരും ഇതിൻെറ മേൽനോട്ടം വഹിക്കുന്നു.

ജോലിയുടെ സ്വഭാവം.—തുടർച്ചയായി വീടുകൾ സന്ദർശിച്ചും വാർത്താദായകർ മുഖേന അറിഞ്ഞും എന്യൂമറേറ്റർമാർ ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യുകയും അവയുടെ റിപ്പോർട്ടുകൾ മാസാന്ത്യത്തിൽ ജില്ലാ ഓഫീസിലേയ്ക്കും വകുപ്പദ്ധ്യക്ഷനും അയച്ചുകൊടുക്കുകയും ചെയ്യുന്നു. ആറു മാസംകൂടുമ്പോൾ എന്യൂമറേറ്റർമാരിൽനിന്നും ജനന-മരണ രജിസ്റ്ററുകൾ പിൻവലിച്ചിട്ട് കമ്പ്യൂട്ടർമാർ തികച്ചും സ്വതന്ത്രമായി അർദ്ധ വാർഷിക സർവേനടത്തുകയും ആ കാലയളവിനുള്ളിലെ ജനന-മരണങ്ങളുടെ റിപ്പോർട്ട് ശരിയാക്കുകയും ചെയ്യുന്നു. എന്യൂമറേറ്ററുടെയും കമ്പ്യൂട്ടറുടെയും റിപ്പോർട്ടുകൾ ജില്ലാ ഓഫീസിൽ താരതമ്യം ചെയ്യുകയും അവ തമ്മിൽ എന്തെങ്കിലും വ്യത്യാസം ഉണ്ടെങ്കിൽ ബന്ധപ്പെട്ട വീടുകൾ സന്ദർശിച്ച്, യഥാർത്ഥ സ്ഥിതിവിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടു പൂർണ്ണമാക്കി വകുപ്പദ്ധ്യക്ഷന് അയയ്ക്കുകയുമാണ് ചെയ്യുന്നത്. വകുപ്പദ്ധ്യക്ഷൻെറ ഓഫീസിൽ കൂടുതൽ പരിശോധനകൾ നടത്തി അബ്സ്ട്രാക്റ്റുകൾ തയ്യാറാക്കി ഭാരത രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു. ഈ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടക്കുന്ന ജനനങ്ങളുടെയും മരണങ്ങളുടെയും ഒന്നൊഴിയാതെയുള്ള കണക്കുകൾ ലഭിക്കുന്നതിനും തദ്വാരാ, ശരിയായ ജനന-മരണ നിരക്കുകൾ കണക്കാക്കുന്നതിനും സാധിക്കുന്നു.

ഓരോ അർദ്ധവാർഷിക സർവേ നടത്തുമ്പോഴും അതിൻെറ തൊട്ടുമുമ്പുള്ള അർദ്ധവർഷത്തിൽ ഏതെങ്കിലും ജനനമോ മരണമോ വിട്ടുപോയിട്ടുണ്ടെങ്കിൽ, അതും ശേഖരിച്ച് കൂട്ടിച്ചേർക്കാറുണ്ട്. ഇതിനുപുറമെ 10 ശതമാനം സാമ്പിളുകളിൽ ഈ വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ ഊർജ്ജിതാന്വേഷണ പരിപാടിയും നടത്തിവരുന്നു.

1982–83-ലെ ജോലിയുടെ വിവരം.—പുതിയ സാമ്പിളുകൾ തെരഞ്ഞെടുക്കുന്നതിനും പുതിയ എന്യൂമറേറ്റർമാരെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം കൊടുക്കുന്നതിനും വേണ്ട നടപടികൾ വളരെ വിജയകരമായി നടത്തി.

33-ാമതും 34-ാമതും അർദ്ധവാർഷിക സർവേയുടെ ഫലങ്ങൾ തയ്യാറാക്കി കേന്ദ്രസർക്കാരിൻെറ രജിസ്ട്രാർ ജനറലിന് അയച്ചുകൊടുത്തു. ഓരോ അർദ്ധവാർഷിക സർവേ തുടങ്ങുന്നതിനുമുമ്പ് സൂപ്പർവൈസർമാർക്കും ബന്ധപ്പെട്ടവർക്കും പരിശീലന ക്ലാസ് നടത്തിയിട്ടുണ്ട്. കൂടാതെ 10 ശതമാനം സാമ്പിളുകളിൽ ഊർജ്ജിതാന്വേഷണ സർവേയും നടത്തി.

35-ാമത് അർദ്ധവാർഷിക സർവേ നടന്നുകൊണ്ടിരിക്കുകയാണ്. ഇതഃപര്യന്തം വന്നിട്ടുള്ള ഫലങ്ങൾ പരിശോധിച്ചുകഴിഞ്ഞിട്ടുണ്ട്.

1979-ലെ റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ചു. 1980-ലെ റിപ്പോർട്ട് ശരിയാക്കി അച്ചടിക്കാൻ കൊടുത്തുകഴിഞ്ഞു. അതനുസരിച്ച് 1979-നെ അപേക്ഷിച്ച്, 1980-ൽ ജനന-മരണ നിരക്കുകളിൽ വലിയ വ്യത്യാസം ദൃശ്യമല്ലെങ്കിലും, മുൻകൊല്ലങ്ങളിലെപോലെ ശിശുമരണം നിർജ്ജീവ ജനനനിരക്കുകളിൽ ആശാവഹമായ കുറവ് കാണുന്നുണ്ട്.

ശിശുമരണ നിരക്കിൽ ഏതാണ്ട് 12.5 ശതമാനവും നിർജ്ജീവ ജനന നിരക്കിൽ ഏതാണ്ട് 10 ശതമാനവും കുറവുണ്ടായിട്ടുള്ളതായി കാണുന്നു. 1980-ലെ റിപ്പോർട്ട് അനുസരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു:

1. ജനന-മരണ നിരക്കുകൾ

| ഭൂവിഭാഗം | ജനന നിരക്ക് | മരണ നിരക്ക് | നിർജ്ജീവ ജനനനിരക്ക് | ശിശു മരണ നിരക്ക് |
|---|---|---|---|---|
| മലനാട് | 29·32 | 8·51 | 15·71 | 63·69 |
| ഇടനാട് | 26·92 | 6·99 | 19·67 | 40·26 |
| തീരപ്രദേശം | 25·07 | 6·54 | 16·33 | 32·00 |
| സംസ്ഥാനം | 26·85 | 7·11 | 18·33 | 42·47 |

2. പ്രസവ സമയത്തും മരണത്തിനു മുൻപും ലഭിച്ച വൈദ്യസഹായം

(എ) പ്രസവ സമയത്ത് ലഭിച്ച വൈദ്യസഹായം.—

| ഭൂവിഭാഗം | ആതുര ശുശ്രൂഷാ കേന്ദ്രങ്ങളിൽ | ട്രെയിൻഡ് പ്രൊഫഷണൽ | അൺ ട്രെയിൻഡ് പ്രൊഫഷണൽ | നോൺ പ്രൊഫഷണൽ | വ്യക്തമാക്കപ്പെട്ടിട്ടില്ലാത്തത് | ആകെ |
|---|---|---|---|---|---|---|
| മലനാട് | 392 | 388 | 294 | .. | 4 | 1078 |
| ഇടനാട് | 1852 | 922 | 1338 | 40 | 5 | 4157 |
| തീരപ്രദേശം | 883 | 325 | 261 | 4 | 1 | 1474 |
| ആകെ | 3127 | 1635 | 1893 | 44 | 10 | 6709 |

(ബി) മരണസമയത്തിനു മുൻപ് ലഭിച്ച വൈദ്യസഹായം

| ഭൂവിഭാഗം | ആതുര ശുശ്രൂഷാ കേന്ദ്രങ്ങളിൽ | അംഗീകൃത ആതുര ശുശ്രൂഷകൻ | അംഗീകൃതനല്ലാത്ത ആതുര ശുശ്രൂഷകൻ | വൈദ്യ സഹായം ലഭിക്കാതെ | മൊത്തം |
|---|---|---|---|---|---|
| മലനാട് | 99 | 52 | 51 | 105 | 307 |
| ഇടനാട് | 320 | 361 | 221 | 148 | 1050 |
| തീരപ്രദേശം | 132 | 144 | 50 | 55 | 381 |
| ആകെ | 551 | 557 | 322 | 308 | 1738 |

### 3. എന്യൂമറേറ്ററും സൂപ്പർവൈസറും 1980-ൽ രേഖപ്പെടുത്തിയ ജനന-മരണങ്ങളുടെ വിവരം

| ഭൂവിഭാഗം | ജനനം | | | | മരണം | | | |
|---|---|---|---|---|---|---|---|---|
| | മൊത്തം | എന്യൂമറേറ്റർക്ക് കിട്ടിയത് | സൂപ്പർവൈസർക്ക് കിട്ടിയത് | രണ്ടുപേർക്കും മൊത്തത്തിൽ കിട്ടിയത് | മൊത്തം | എന്യൂമറേറ്റർക്ക് കിട്ടിയത് | സൂപ്പർവൈസർക്ക് കിട്ടിയത് | രണ്ടുപേർക്കും മൊത്തത്തിൽ കിട്ടിയത് |
| മലനാട് | 1078 | 841 | 988 | 1053 | 307 | 256 | 274 | 297 |
| ഇടനാട് | 4157 | 3338 | 3756 | 4064 | 1050 | 885 | 928 | 1027 |
| തീരപ്രദേശം | 1474 | 1226 | 1347 | 1446 | 381 | 325 | 345 | 372 |
| ആകെ | 6709 | 5405 | 6091 | 6563 | 1738 | 1466 | 1547 | 1696 |

ജനന-മരണ സ്ഥിതിവിവരം.—ഈ ഡയറക്ടറേറ്റിലെ ജനന-മരണ സ്ഥിതി വിവരക്കണക്കു വിഭാഗം സംസ്ഥാനം ഒട്ടാകെയുള്ള ജനന-മരണ സ്ഥിതി വിവരങ്ങൾ ശേഖരിച്ച് റിപ്പോർട്ടു തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന പതിവ് റിപ്പോർട്ടു വർഷവും തുടരുന്നു.

1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമമനുസരിച്ച് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ ആഫീസുകളിൽ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാരാണ് ജനന-മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നത്. ഓരോ മാസവും രജിസ്റ്റർ ചെയ്യുന്ന ജനന-മരണ കണക്കുകൾ ഉൾക്കൊള്ളുന്ന പ്രതിമാസ റിപ്പോർട്ട് ഈ ഡയറക്ടറേറ്റിൽനിന്നും രജിസ്ട്രാർ ജനറലിന് അയയ്ക്കുന്നുണ്ട്. താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ 1976, 1977, 1978 എന്നീ വർഷങ്ങളിലെ ജനന-മരണ നിരക്കുകൾ മനസിലാക്കാം:—

| പ്രദേശം | 1976 | | 1977 | | 1978 | |
|---|---|---|---|---|---|---|
| | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് | ജനന നിരക്ക് | മരണ നിരക്ക് |
| സംസ്ഥാനം | 21·78 | 5·49 | 19·93 | 4·79 | 21·04 | 4·83 |
| പട്ടണപ്രദേശം | 50·62 | 10·30 | 48·32 | 9·49 | 54·69 | 10·00 |
| ഗ്രാമപ്രദേശം | 17·87 | 4·84 | 16·02 | 4·16 | 16·15 | 4·07 |

## ജനന-മരണ സ്ഥിതിവിവര കണക്കുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ

താഴെ വിവരിക്കുന്ന മൂന്നു പദ്ധതികൾ നടപ്പുവർഷവും തുടരുകയുണ്ടായി:—

1. മോഡൽ രജിസ്ട്രേഷൻ.—ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന മരണങ്ങളും മരണകാരണങ്ങളും ശേഖരിക്കുന്നതിനുവേണ്ടിയുള്ളതാണ് ഈ പദ്ധതി. സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി തിരഞ്ഞെടുക്കപ്പെട്ട 36 പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരു

ന്നത്. എന്നാൽ പ്രസ്തുത പദ്ധതി കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും ഘട്ടംഘട്ടമായി പഴയ സെൻററുകൾക്കു പകരം പുതിയതു തെരഞ്ഞെടുക്കുന്നതിനുമുള്ള കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശാനുസരണം 1983 ജനുവരി മുതൽ 40 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പദ്ധതിയുടെ പ്രവർത്തനം തുടങ്ങി, ഈ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർ, സർവേ നടത്താൻ ചുമതലപ്പെട്ട മറ്റു പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവർക്കു വേണ്ട ട്രെയിനിംഗ് സൂപ്പർ വൈസറും ഈ ആഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൂടി നൽകിയിട്ടുണ്ട്. പ്രസ്തുത കേന്ദ്രങ്ങളിലെ പാരാ മെഡിക്കൽ ഉദ്യോഗസ്ഥൻമാർ പ്രാഥമിക വിവരങ്ങൾ ശേഖരിച്ച് മെഡിക്കൽ ഓഫീസറുടെ പരിശോധനക്കുശേഷം മാസാന്ത്യ റിപ്പോർട്ടും അർദ്ധവാർഷിക റിപ്പോർട്ടും ഈ ഡയറക്ടറേറ്റിൽ അയച്ചു തരുന്നു. പ്രസ്തുത റിപ്പോർട്ടുകൾ വേണ്ട പരിശോധനകൾക്കും ക്രമീകരണങ്ങൾക്കും വിധേയമാക്കി കേന്ദ്ര രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുന്നു.

പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ സന്ദർശിച്ച് സർവേ റിപ്പോർട്ടുകൾ പരിശോധിക്കുന്നതിനും അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കുന്നതിനും കേന്ദ്രഗവൺമെൻറിൽനിന്നും നിയമിച്ചിട്ടുള്ള സൂപ്പർവൈസർ തസ്തിക ഇപ്പോഴും തുടരുന്നുണ്ട്.

2. ജനന–മരണക്കണക്കു വിഭാഗത്തിൻെറ വിപുലീകരണം.—നിയമാനുസൃതമായ ജനന–മരണ രജിസ്ട്രേഷൻപ്രകാരം അതാതു സ്ഥലത്തു നടക്കുന്ന വിവരങ്ങളാണ് ലഭിക്കുന്നത്. ഒരു സ്ഥലത്തെ സ്ഥിരതാമസക്കാരായ ആളുകളെ സംബന്ധിച്ച് വിവരങ്ങൾ രജിസ്ട്രേഷൻ കാർഡുകളിൽനിന്നു ലഭ്യമല്ല. ഈ ന്യൂനത പരിഹരിച്ച് സ്ഥലവാസികളെ സംബന്ധിച്ച് ശരിയായ ജനന–മരണക്കണക്കുകൾ ശേഖരിക്കുന്നതിന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും 30 മുൻസിപ്പാലിറ്റികളിലും ഗുരുവായൂർ ടൗൺഷിപ്പിലും ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. ഇവർ അതാതു മുൻസിപ്പാലിററിയിലും കോർപ്പറേഷനുകളിലും തെരഞ്ഞെടുക്കപ്പെട്ട വാർഡുകളിലെ വീടുകൾ സന്ദർശിച്ച് രജിസ്റ്റർ ചെയ്തതും ചെയ്യാത്തതുമായ ജനന–മരണങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും അവയുടെ അടിസ്ഥാനത്തിൽ യഥാർത്ഥ ജനന–മരണ നിരക്കുകൾ കണക്കാക്കുകയും ചെയ്യുന്നു.

3. മരണ കാരണങ്ങൾ വ്യക്തമാക്കുന്ന മെഡിക്കലാഫീസറുടെ സർട്ടിഫിക്കറ്റിൻമേലുള്ള പഠനം.—തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കോർപ്പറേഷനുകളിലും കൊല്ലം, ആലപ്പുഴ മുൻസിപ്പാലിററികളിലും മുൻ വർഷങ്ങളിലെപ്പോലെതന്നെ നടപ്പുവർഷത്തിലും ഈ പദ്ധതി തുടർന്നു. ഈ സ്ഥലങ്ങളിലെ ആശുപത്രികളിൽ വച്ചുണ്ടാകുന്ന മരണങ്ങളുടെ കാരണങ്ങളെക്കുറിച്ച് ചികിൽസിച്ച ഡാക്ടറിൽനിന്നു കിട്ടുന്ന സാക്ഷ്യപത്രത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു പഠനമാണിത്. ആയതിലേക്ക് ഓരോ ഡെപ്യൂട്ടി ഹെൽത്താഫീസർ ഉൾപ്പെടെ പ്രത്യേക ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ട്. എന്നാൽ ആലപ്പുഴ, തിരുവനന്തപുരം നഗരങ്ങളിൽ റിപ്പോർട്ടു വർഷത്തിൽ ഡെപ്യൂട്ടി ഹെൽത്താഫീസർമാർ ഉണ്ടായിരുന്നില്ല.

## അദ്ധ്യായം 6

## വിലയിരുത്തൽ പഠന വിഭാഗം

കാലാകാലങ്ങളിൽ നടപ്പിലാക്കിയതും, നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ വികസന പദ്ധതികളെപ്പററി സാമാന്യമായി വിലയിരുത്തുക എന്ന ജോലിയാണ് പ്രധാനമായും ഈ വിഭാഗം ചെയ്തുവരുന്നത്.

ദേശീയഗ്രാമീണ തൊഴിൽദാന പരിപാടി.—ദേശീയഗ്രാമീണ തൊഴിൽദാന പരിപാടിയുടെ വിലയിരുത്തൽ പഠനം 1982 ഏപ്രിൽ മാസത്തിൽ ആരംഭിച്ചു. രണ്ടു ഘട്ടങ്ങളായി നടത്തിയ പഠനത്തിൻെറ ആദ്യഘട്ടത്തിൽ ഗ്രാമപ്രദേശങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഗ്രാമീണജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്ന തരത്തിൽ ആഹാര മൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും, പദ്ധതി എത്രത്തോളം വിജയിച്ചു എന്നുള്ളതിൻെറ വിവരങ്ങൾ ശേഖരിക്കുകയുണ്ടായി. ഓരോ ജില്ലയിലും പദ്ധതി നടപ്പാക്കുന്ന ഓരോ ബ്ലോക്കു വീതം തെരഞ്ഞെടുത്തു പഠനം നടത്തുകയുണ്ടായി.

1982 സെപ്തംബറിൽ ഈ ഘട്ടത്തിൻെറ വിവരശേഖരണം പൂർത്തിയായി. പിന്നീട് ഇവ തരം തിരിച്ച് ആവശ്യമായ പട്ടികകൾ തയ്യാറാക്കി നിഗമനങ്ങൾ രൂപീകരിച്ചു പ്രസിദ്ധീകരിക്കുവാൻ പ്ലാനിംഗ് ബോർഡിന് നൽകുകയുണ്ടായി.

പഠനത്തിൻെറ രണ്ടാം ഘട്ടം 1982 സെപ്തംബറിൽ തുടങ്ങി. സമൂഹത്തിൽ നീണ്ട കാലം ഈടുനിൽക്കുന്ന ആസ്തികൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ ഡിസംബറിനുള്ളിൽ ശേഖരിച്ച് സൂക്ഷ്മപരിശോധനയ്ക്കുശേഷം പ്ലാനിംഗ് ബോർഡിനെ ഏൽപ്പിക്കുകയുണ്ടായി. വയനാട് ജില്ല ഒഴികെ മറ്റു ജില്ലകളിൽ ഒന്നാം ഘട്ട പഠനം നടത്തിയ ബ്ലോക്കുകളിൽ നിന്നു തന്നെയാണ് രണ്ടാം ഘട്ട പഠനത്തിനുള്ള വിവരങ്ങൾ ശേഖരിച്ചിരിക്കുന്നത്.

## അദ്ധ്യായം 7

## സാമ്പത്തിക സെൻസസ് വിഭാഗം

1. ഒന്നാമത്തെ സാമ്പത്തിക സെൻസസ് 1977-ലും രണ്ടാമത്തേത് 1980-ലും നടത്തി. 1977-ലെ സാമ്പത്തിക സെൻസസിൻെറ തുടർച്ചയായി വിശദ പഠനങ്ങൾക്കുവേണ്ടി 1978–79-ലും 1979–80-ലും രണ്ടു സാമ്പിൾ സർവേകളും നടത്തുകയുണ്ടായി.

2. 1980-ലെ രണ്ടാം സാമ്പത്തിക സെൻസസിൽ ശേഖരിച്ച 927,184 കാർഷിക കാർഷികേതര സംരംഭങ്ങളുടെയും വിവരങ്ങൾ ഡിസ്ട്രിക്ററ് ലെവൽ ടാബുലേഷൻ, കോഡിംഗ് ഇവ നടത്തി. 4 ജില്ലകളുടെ വിവരം കംപ്യൂട്ടർ പ്രോസസിംഗിനുവേണ്ടി കാർഡ് പഞ്ച് ചെയ്തുകഴിഞ്ഞു. കംപ്യൂട്ടർ പ്രോസസിംഗിനുവേണ്ട പ്രാഥമിക ജോലികൾ കേരളാ യൂണിവേഴ്സിററി കംപ്യൂട്ടർ സെൻററിൽ തുടങ്ങിക്കഴിഞ്ഞു. ജില്ലാ തലത്തിൽ ടാബുലേറ്റു ചെയ്തു കിട്ടിയ വിവരത്തിൽ സ്റ്റേറ്റൊട്ടാകെ 868,717 കാർഷികേതര സംരംഭങ്ങൾ ഉണ്ടെന്നും അതിൽ 580,401 (67%) സ്വന്ത മുതലാസംരംഭങ്ങളാണെന്നും കാണുന്നു. കാർഷികേതര സംരംഭങ്ങളിൽ മൊത്തം 24·4 ലക്ഷം പേർക്കു തൊഴിൽ നൽകുന്നതായി കണ്ടു. കൊല്ലം ജില്ലയിൽ മാത്രം 351,873 പേർ ഇത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.

3. 1977-ൽ നടത്തിയ സാമ്പത്തിക സെൻസസിന്റെ ടാബുലേഷൻ പൂർത്തിയായിക്കഴിഞ്ഞു. ഇതിന്റെ റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

4. നൂറോ അതിലധികമോ ജോലിക്കാരുള്ളതും അല്ലെങ്കിൽ ഒരു ലക്ഷം രൂപയിൽ കൂടുതൽ വിലയ്ക്കുള്ള ഉൽപാദനം നടക്കുന്നതുമായ വ്യവസായ സ്ഥാപനങ്ങളെയും മററ് ഉൽപ്പാദന സംരംഭങ്ങളെയും സംബന്ധിച്ചുള്ള വിശദമായ പഠനമാണ് സാമ്പത്തിക സെൻസസ് വിഭാഗം 1978–79-ലും 1979–80-ലും നടത്തിയിട്ടുള്ളത്. 1978–79-ൽ ശേഖരിച്ച വിവരങ്ങൾ കാർഡു പഞ്ചു ചെയ്ത കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ സംഘടനയ്ക്ക് അയച്ചുകൊടുത്തു. ഇവ ഉപയോഗിച്ച് കംപ്യൂട്ടർ ടാബുലേഷൻ നടന്നുകൊണ്ടിരിക്കുകയാണ്.

5. 1979–80-ൽ ഷെഡ്യൂൾ 2·41 എ, 2·42 എ എന്നിവയിൽ ശേഖരിച്ച് വിവരങ്ങൾ കാർഡു പഞ്ചു ചെയ്ത കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ സംഘടനയ്ക്ക് അയച്ചുകൊടുത്തു. ഇതിന്റെ അവസാന കംപ്യൂട്ടർ ടാബുലേഷൻ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഷെഡ്യൂൾ 2·31 എ, 2·32 എ, 2·33 എ, 2·34 എ, 2·52 എ, 2·53 എ, 2·54 എ, 2·55 എ എന്നിവ ടാബുലേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കാനുള്ള അവസാന ടേബിളുകൾ തയാറാക്കി വരുന്നു.

6. കേന്ദ്രീയാവിഷ്കൃതമായ ഈ സർവേയുടെ നടത്തിപ്പിലേക്കായി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻമാരുടെ ശമ്പള ചെലവുകൾ പൂർണ്ണമായും കേന്ദ്ര ഗവൺമെൻറാണ് വഹിക്കുന്നത്.

നാഷണൽ സാമ്പിൾ സർവേ.—ആയിരത്തിത്തൊള്ളായിരത്തി അൻപതിൽ നിലവിൽവന്ന നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ, ആസൂത്രണത്തിനും മറ്റു ഭരണപരമായ ആവശ്യങ്ങൾക്കുമായി രാജ്യത്തിന്റെ സമ്പത്ത് വ്യവസ്ഥയുടെ വിവിധ വശങ്ങളെ സംബന്ധിക്കുന്ന സാമൂഹ്യസാമ്പത്തിക വിവരങ്ങൾ രാജ്യവ്യാപകമായ അടിസ്ഥാനത്തിൽ ശേഖരിക്കുന്നതിന് ഓരോ വർഷവും സാമ്പിൾ സർവെകൾ നടത്തിക്കൊണ്ടിരിക്കുന്നു. കേന്ദ്ര ഗവൺമെൻറുമായി തുല്യാടിസ്ഥാനത്തിൽ സർവേയുടെ സാമൂഹ്യ–സാമ്പത്തിക ഭാഗത്തിൽ കേരളവും പങ്കെടുക്കുന്നുണ്ട്. 1982 ഡിസംബറിൽ സർവേയുടെ 37-ാം റൗണ്ട് പൂർത്തിയായി. കർഷകരുടെ ആസ്തി, ഋണബാദ്ധ്യതകൾ എന്നിവയെ സംബന്ധിച്ച സുപ്രധാനമായ വിവരങ്ങൾ ഈ സർവേയിൽ ശേഖരിച്ചിട്ടുണ്ട്. വിവരങ്ങൾ ശേഖരിച്ച് ഫാറങ്ങൾ മേൽ പ്രവർത്തനത്തിനായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയെ ഏൽപ്പിച്ചു. 38-ാം റൗണ്ടിലെ ബന്ധപ്പെട്ട ഫീൽഡ് സ്റ്റാഫിന് 1983 ജനുവരിയിൽ ട്രയിനിംഗ് നൽകി സർവെ ആരംഭിച്ചു.

38-ാം റൗണ്ടിലെ വിവരങ്ങൾ.—1977 ജൂൺ മുതൽ 1978 ജൂലൈ വരെ നടത്തിയ 32-ാം റൗണ്ടിലെ വിഷയങ്ങൾ ഗാർഹിക ചെലവുകളെക്കുറിച്ചും തൊഴിലില്ലായ്മയെക്കുറിച്ചും ആയിരുന്നു. അതേ വിഷയങ്ങളെക്കുറിച്ച് തന്നെയാണ് 38-ാം റൗണ്ടിലും സർവെ നടത്തുന്നത്. ഇതിലേക്കുവേണ്ടി 33 ഇൻവെസ്റ്റിഗേറ്റർമാരെയും 9 ഇൻസ്പെക്ടർമാരുടെയും സേവനം ഫീൽഡ് വർക്കിന് ഉപയോഗിക്കുന്നു.

1982–83 കാലയളവിൽ 32-ാം റൗണ്ടിലെ തൊഴിലില്ലായ്മയെക്കുറിച്ചുള്ള സർവേയുടെ ടാബുലേഷൻ പൂർത്തിയായി. 36-ാം റൗണ്ടിലെ ശാരീരിക വൈകല്യങ്ങളെക്കുറിച്ചുള്ള ഷെഡ്യൂളുകൾ ടാബുലേഷൻ ഈ കാലയളവിൽ ആരംഭിച്ചു.

കയർ തൊഴിലാളി സർവേ.—കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി ഒരു പദ്ധതി തയ്യാറാക്കാൻ കേരള ഗവൺമെൻറ് തീരുമാനിച്ചു. ആയതിലേക്ക് ആവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ എക്കണോമിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിനെ ചുമതലപ്പെടുത്തി.

പ്രസ്തുത സർവേ കേരള ഗവൺമെൻറിൻെറ തൊഴിൽദാന പദ്ധതിയനുസരിച്ച് നടത്താനാണ് നിർദ്ദേശിച്ചിരുന്നത്. ഇപ്രകാരം ഗവൺമെൻറ് ഈ സർവേയ്ക്ക് 600 എന്യൂമറേററർമാരെ ജില്ലാ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകൾ മുഖേന തിരഞ്ഞെടുക്കാനും ഓരോ എന്യൂമറേറ്റർക്കും 400 രൂപാ പ്രതിഫലമായി കൊടുക്കാനും ഉത്തരവായി. സർവേ 22–6–1982-ൽ ആരംഭിച്ചു. രണ്ടു മാസത്തെ ഫീൽഡ് വർക്കാണ് അനുവദിച്ചിരുന്നതെങ്കിലും എന്യൂമറേററർമാരെ തെരഞ്ഞെടുക്കാനുണ്ടായ കാലതാമസം നിമിത്തം ഫീൽഡ് വർക്ക് 1982 ഒക്ടോബറിലാണ് പൂർത്തിയാക്കിയത്. റിസർച്ച് അസിസ്ററൻറ്/സ്റ്റാററിസ്ററിക്കൽ ഇൻസ്പെക്ടർ തസ്തികയിലുള്ള 28 പേരെ സർവേയുടെ മേൽനോട്ടത്തിനു നിയോഗിച്ചിരുന്നു. കൂടാതെ ഡിസ്ട്രിക്ട് ഓഫീസർമാർ, അഡീഷണൽ ഡിസ്ട്രിക്ട് ഓഫീസർമാർ എന്നിവരും മേൽനോട്ടം വഹിച്ചിട്ടുണ്ട്. ഈ സർവേ റിപ്പോർട്ട് ഗവൺമെൻറിനു സമർപ്പിച്ചുകഴിഞ്ഞു.

## അദ്ധ്യായം 8

## അഡ്മിനിസ്ട്രേററീവ് ഇൻറലിജൻസ് വിഭാഗം

സാമൂഹ്യവികസന ബ്ലോക്കുകളിലെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠനം നടത്തി വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കുക എന്ന ചുമതലയാണ് ഈ വിഭാഗം കൈകാര്യം ചെയ്യുന്നത്. ത്രൈമാസികമായി തയ്യാറാക്കുന്ന സാമൂഹ്യവികസനം, പ്രാദേശികവികസനം, ഗ്രാമീണ പ്രവർത്തന പരിപാടിയുടെ പുരോഗതി പ്രയുക്തപോഷകാഹാര വിതരണ പുരോഗതി എന്നിവയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ആണ് ഇവയിൽ പ്രധാനപ്പെട്ടവ. കൂടാതെ സാമൂഹ്യവികസന പരിപാടി, ഗോത്രവർഗ്ഗവികസനം, പ്രയുക്ത പോഷകാഹാര പരിപാടി എന്നിവയെ സംബന്ധിച്ചുള്ള വാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, ആരോഗ്യവും ശുചീത്വവും, ഗ്രാമീണ ചെറുകിട വ്യവസായം, സാമൂഹ്യവിദ്യാഭ്യാസം, വാർത്താവിനിമയം, സർക്കാർ ചിലവുകൾ, പ്രാദേശിക സംഭാവന തുടങ്ങി ബ്ലോക്കുകളിലെ സർവതോമുഖമായ വികസന പരിപാടികളുടെ ഒരു സംക്ഷിപ്ത വിവരണം ഈ റിപ്പോർട്ടുകളിൽനിന്നും ലഭിക്കും.

ഇവയ്ക്കു പുറമെ ശുദ്ധജലവിതരണത്തിനുള്ള കിണറുകൾ, പമ്പ് സെററുകൾ പോഷകാഹാര പരിപാടിയിൻകീഴിൽ സംരക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെയും, ഗർഭിണികളും പാലൂട്ടുന്നവരുമായ അമ്മമാരുടെയും അവർക്ക് കൊടുത്ത പോഷകാഹാരങ്ങളുടെയും വിവരങ്ങൾ എന്നിവ സംബന്ധിച്ചുള്ള റിപ്പോർട്ടുകളും തയ്യാറാക്കുന്നുണ്ട്.

റിപ്പോർട്ടു വർഷത്തിൽ 1982–83-ലെ എല്ലാ വികസന പരിപാടികളുടെയും ത്രൈമാസിക റിപ്പോർട്ടുകളും 1982-ലെ സാമൂഹ്യവികസന വാർഷിക റിപ്പോർട്ടും തയ്യാറാക്കുകയുണ്ടായി.

## അദ്ധ്യായം 9

## ആസൂത്രണ (പ്ലാനിംഗ്) വിഭാഗം

സംസ്ഥാനത്തിൻെറ വിവിധമേഖലകളിലെ പദ്ധതി രൂപീകരണത്തിനാവശ്യമായ കണക്കുകൾ ശേഖരിക്കുന്നതിനുപയുക്തമായ പദ്ധതികൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിക്കുന്നത് ഈ വിഭാഗത്തിൻെറ പ്രധാന ജോലിയാണ്. ഡിപ്പാർട്ടുമെൻറിലെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ-ത്രൈമാസിക-അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കി സംസ്ഥാന ഗവൺമെൻറിനും ഇന്ത്യാ ഗവൺമെൻറിനും അയക്കുന്നുണ്ട്. ഡിപ്പാർട്ടുമെൻറിൻെറ 1982-83-ലെ വാർഷിക പദ്ധതി പ്രകാരമുള്ള സ്കീമുകൾ താഴെ പറയുന്നവയാണ്:—

1. ജില്ലാ സ്റ്റാറ്റിസ്റ്റിക്കൽ ആഫീസുകൾ പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പിൻെറ വികസനം:—

(1) മെക്കാനിക്കൽ ടാബുലേഷൻ യൂണിററ്

(2) സംസ്ഥാന വരുമാനനിർണ്ണയ വിഭാഗത്തിൻെറ വികസനം.

(3) വ്യവസായ ഉല്പന്ന സൂചിക നിർമ്മാണ വിഭാഗം.

(4) വിലനിലവാര വിഭാഗത്തിൻെറ വികസനം.

(5) ജില്ലാ സ്ഥിതി വിവരക്കണക്കു ആഫീസുകളുടെ വികസനം.

(6) സർവെ-ഡിസൈൻ വിഭാഗം

2. സർവേകളും പഠനങ്ങളും.—(1) സംസ്ഥാന അതിർത്തിയിലെ ചെക്ക് പോസ്റ്റുകൾ വഴിയുള്ള ചരക്കു ഗതാഗത സർവെ.

(2) നിർമ്മാണ പ്രവർത്തനങ്ങളെപ്പററിയുള്ള സർവെ.

(3) സംസ്ഥാനത്ത് പ്രധാന കാർഷിക വിളകളുടെ കൃഷി ചെലവുകളെപ്പററിയുള്ള സർവെ.

(4) വേതന ഘടനാ സർവെ.

3. വകുപ്പിലെ ജീവനക്കാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള സ്കീം.

4. ജില്ലാതല ആഫീസുകൾക്ക് ജീപ്പ് വാങ്ങുന്നതിനുള്ള സ്കീം.

5. സംസ്ഥാനത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ വർഷംതോറും ശേഖരിച്ച് റിപ്പോർട്ടു ചെയ്യുന്നതിനുള്ള പദ്ധതി (50 ശതമാനം കേന്ദ്രസഹായം).

6. സാമ്പത്തിക സെൻസസും സർവെയും (100 ശതമാനം കേന്ദ്രസഹായം).

7. ഇറിഗേഷൻ സ്ഥിതി വിവരക്കണക്ക് മെച്ചപ്പെടുത്തൽ (100 ശതമാനം കേന്ദ്രസഹായം).

8. ജനസംഖ്യാ ഗവേഷണ കേന്ദ്രം (100 ശതമാനം കേന്ദ്രസഹായം).

ഈ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥൻമാരെ സാങ്കേതിക പരിശീലനത്തിന് അയക്കുന്ന കാര്യങ്ങളും ഈ വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

## അദ്ധ്യായം 10

## കോ ഓർഡിനേഷൻ വിഭാഗം

മിക്കവാറും എല്ലാ പ്രധാനപ്പെട്ട ഡിപ്പാർട്ടുമെൻറുകളിലും സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡിപ്പാർട്ടുമെൻറിൻെറ താൽക്കാലിക ഭാഗങ്ങളായി സ്ഥിതിവിവര കണക്കു ഘടകങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ഘടകങ്ങളിലെ ജീവനക്കാർ എല്ലാംതന്നെ ഈ ഡിപ്പാർട്ടുമെൻറിൽനിന്നും അയച്ചിട്ടുള്ള സാങ്കേതിക ഉദ്യോഗസ്ഥൻമാരാണ്. വിവിധ ഡിപ്പാർട്ടുമെൻറുകളിൽ പ്രവർത്തിക്കുന്ന സ്ഥിതിവിവരകണക്കു വിഭാഗങ്ങൾക്കാവശ്യമായ സാങ്കേതിക ഉപദേശങ്ങളും നിർദ്ദേശങ്ങളും സഹായങ്ങളും വേണ്ട സമയത്ത് കൊടുക്കുകയും അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയുമാണ് കോ ഓർഡിനേഷൻ വിഭാഗത്തിൻെറ പ്രധാന ചുമതല. റിപ്പോർട്ടു വർഷത്തിൽ ഈ ഘടകങ്ങളിലെ സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടുകയും അവരുടെ ജോലികളെപ്പറ്റി ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. അതതു ഡിപ്പാർട്ടുമെൻറുകൾക്കാവശ്യമായ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്ത് കൊടുക്കുകയും റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നതിനുപുറമെ പ്രത്യേക റിസർച്ച് പഠനങ്ങൾ നടത്തി റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കണമെന്നും ഉദ്യോഗസ്ഥൻമാരെ ഓർമ്മപ്പെടുത്തിയിട്ടുണ്ട്.

റിപ്പോർട്ടുവർഷത്തിൽ ഡിപ്പാർട്ടുമെൻറിലെ ജില്ലാതല ഉദ്യോഗസ്ഥൻമാരുടെ ഒരു സമ്മേളനം വിളിച്ചുകൂട്ടി ജില്ലാ താലൂക്ക് തലങ്ങളിലെ സ്ഥിതിവിവരക്കണക്കു പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുകയും വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു.

ഡിപ്പാർട്ടുമെൻറിൻെറ പദ്ധതി രൂപീകരണത്തിൻെറ ചുമതലയും പ്രസിദ്ധീകരണ വിഭാഗത്തിൻെറ മേൽനോട്ടവും കോഓർഡിനേഷൻ വിഭാഗം വഹിച്ചിട്ടുണ്ട്. സ്ഥിതി വിവരക്കണക്കു വകുപ്പിൻെറ പ്രവർത്തനങ്ങളെ വിശദീകരിച്ചുകൊണ്ടുള്ള ഒരു റിപ്പോർട്ട് ഈ വിഭാഗം മലയാളത്തിൽ തയ്യാറാക്കുകയും അത് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭരണഭാഷ മലയാളമാക്കുന്നതു സംബന്ധിച്ചുള്ള ജോലികളും ഈ വിഭാഗമാണ് കൈകാര്യം ചെയ്യുന്നത്.

## അദ്ധ്യായം 11

## ഔദ്യോഗി ഭാഷാ വിഭാഗം

ഒരു സമയബന്ധിത പരിപാടിയനുസരിച്ച് ഭരണമണ്ഡലത്തിലെ വിവിധ തലങ്ങളിൽ ഔദ്യോഗികഭാഷ മലയാളമാക്കുക എന്ന സർക്കാരിൻെറ നയം ഈ വകുപ്പിലും നടപ്പാക്കുക എന്നതാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി. സർക്കാരിൽനിന്നും ലഭിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും യഥാവിധി നടപ്പാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊള്ളുകയും സർക്കാർ അപ്പോഴപ്പോൾ ആവശ്യപ്പെടുന്ന റിപ്പോർട്ടുകൾ തയ്യാറാക്കി അയച്ചു കൊടുക്കുകയും ചെയ്യുന്നു. ഡിപ്പാർട്ടുമെൻറ് ഭരണഭാഷ മലയാളമാക്കുന്ന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ രേഖപ്പെടുത്തുന്ന ത്രൈമാസിക റിപ്പോർട്ട് തയ്യാറാക്കി യഥാസമയം സർക്കാരിനു സമർപ്പിക്കുന്നു.

ഒരു സാങ്കേതിക വകുപ്പെന്നതുകൊണ്ടും വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ഏറിയ പങ്കും കേന്ദ്രഗവൺമെന്റ്, മറ്റ് ഗവൺമെന്റ് ഏജൻസികൾ എന്നിവയ്ക്കുവേണ്ടിയായതുകൊണ്ടും, ഭാഷ മാററം പൂർണ്ണമായും മലയാളത്തിലാക്കാൻ ഈ വകുപ്പിന് പ്രയാസമുണ്ട്. സംസ്ഥാനത്തിനകത്തു മാത്രം പ്രവർത്തനം ഒതുക്കാൻ കഴിയുന്ന രംഗങ്ങളിൽ ഭാഷ മാറ്റം നടപ്പാക്കുക എന്നതാണ് കരണീയമായിട്ടുള്ളത്. ആ ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനത്തിന്റെ ഫലമായി താലൂക്ക് തലങ്ങളിലുള്ള കത്തിടപാടുകൾ ഏറിയകൂറും മലയാളത്തിലാക്കിയിട്ടുണ്ട്. എന്നാൽ ജില്ലാ തലങ്ങളിലും വകുപ്പദ്ധ്യക്ഷന്റെ കാര്യാലയത്തിലും ഭാഷാ മാററം ഭാഗികമായി മാത്രമേ നടപ്പാക്കാൻ സാധിച്ചിട്ടുള്ളു.

വകുപ്പിന്റെ ഭരണറിപ്പോർട്ട് 1976 മുതൽ മലയാളത്തിൽതന്നെയാണ് പ്രസിദ്ധീകരിച്ചുപോരുന്നത്. കൂടാതെ സാമ്പത്തിക സ്ഥിതിവിവര വകുപ്പിന്റെ പ്രവർത്തനങ്ങൾ (1982) തൊഴിൽ ഭവന സർവെ തുടങ്ങിയ പല റിപ്പോർട്ടുകളും മലയാളത്തിലാണ് തയ്യാർ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഡിപ്പാർട്ടുമെൻറിലെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നായ കമ്പോള വിലനിലവാരപ്പട്ടിക തയ്യാറാക്കി ദൈനംദിന പ്രക്ഷേപണത്തിനായി ആകാശവാണിക്ക് കൊടുക്കുന്നത് മലയാളത്തിലാക്കിയിട്ടുണ്ട്. ഇതിന്റെ വാരാന്ത്യാവലോകനവും മലയാളത്തിൽതന്നെയാണ് പ്രക്ഷേപണം ചെയ്യുന്നത്.

## അദ്ധ്യായം 12

## പ്രസിദ്ധീകരണവും സംയോജനവും

ഈ സ്റ്റേററിന്റെ ആസൂത്രണത്തിന് ആവശ്യമായിവരുന്ന സ്ഥിതിവിവരക്കണക്കുകൾ സംസ്ഥാനം, ജില്ലാ, താലൂക്ക്, ബ്ലോക്ക് തലങ്ങളിൽ വിവിധ മേഖലകളിൽനിന്നും ശേഖരിക്കുക, പ്രസിദ്ധീകരിക്കുക എന്ന ചുമതലയാണ് മുഖ്യമായും ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ ഈ ഡിപ്പാർട്ടുമെൻറിലെ മറ്റു വിഭാഗങ്ങൾ തയ്യാറാക്കുന്ന വിവിധ റിപ്പോർട്ടുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുക. ത്രൈമാസിക സ്ഥിതിവിവര വാർത്താവലോകനം തയ്യാറാക്കി കേന്ദ്രസ്ഥിതിവിവര സംഘടനക്ക് അയക്കുക, സൗജന്യ മെയിലിംഗ് ലിസ്ററ് അനുസരിച്ച് വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഡിപ്പാർട്ടുമെൻറിന്റെ പ്രസിദ്ധീകരണങ്ങൾ അയച്ചുകൊടുക്കുക, കേരളത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അവ ആവശ്യപ്പെടുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നൽകുക എന്നീ ജോലികളും ചെയ്തു വരുന്നു.

റിപ്പോർട്ടുവർഷത്തിൽ ഈ ഡിപ്പാർട്ടുമെൻറിന്റെ വിവിധ വിഭാഗങ്ങൾ തയ്യാറാക്കിയ താഴെ പറയുന്ന റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുകയുണ്ടായി;—

1. കോഴിക്കോട് ജില്ലാ ഹാൻറ്ബുക്ക് 1980.

2. സ്റ്റാററിസ്റ്റിക്കൽ ഹാൻറ് ബുക്ക് ഓർ ഹാൻറ്ലൂം ഇൻഡസ്ട്രി ഇൻ കേരള 1981.

3. സീസൺ ആൻറ് ക്രോപ്പ് റിപ്പോർട്ട് ഓഫ് കേരള സ്റ്റേറ്റ് 1977–78.

4. റിപ്പോർട്ട് ഓൺ ദി ടൈംലി റിപ്പോർട്ടിംഗ് സർവെ ഓൺ അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് കേരള 1978–79.

5, കേരള അററ് എ ഗ്ലാൻസ് 1982.

6. സ്റ്റഡി ഓൺ ദി ടൂറിസ്ററ് പൊട്ടൻഷ്യൽ ഓഫ് ഗുരുവായൂർ.

7. എക്കണോമിക്സ് അററ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം 1982.

8. അഗ്രിക്കൾച്ചറൽ സെൻസസ് 1976–77 ജനറൽ റിപ്പോർട്ട് വാല്യം 1..

9. റിപ്പോർട്ട് ഓൺ സർവെ ഓഫ് കയർ വർക്സ് ഇൻ കേരള 1980–81.

10. റവന്യൂ ഓഫ് ദി മൂവ്മെൻറ് ഓഫ് റീട്ടെയിൽ പ്രൈസസ് ഓഫ് സം എസൻഷ്യൻ കമ്മോഡിററീസ് ഇൻ കേരള. ജനുവരി 1980 ഡിസംബർ 1981.

11. ആനുവൽ റിപ്പോർട്ട് ഓൺ സാമ്പിൾ രജിസ്ട്രേഷൻ ഇൻ കേരള റൂറൽ, 1980 നമ്പർ 18.

12. സാമ്പിൾ രജിസ്ട്രേഷൻ ഇൻ കേരള റൂറൽ 1979.

13. നാഷണൽ സാമ്പിൾ സർവേ റിപ്പോർട്ട് നമ്പർ 22.

14. റിപ്പോർട്ട് ഓൺ ദി ക്രോപ്പ് കട്ടിംഗ് സർവേ ഓൺ ഓട്ടം ക്രോപ്പ് ഓഫ് പേഡി 1978.

15. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡത്ത് 1977.

16. സ്റ്റഡീസ് ഇൻ പോപ്പുലേഷൻ ആൻറ് ഫാമിലി വെൽഫെയർ പ്രോഗ്രാം വോള്യം 3.

17. റിപ്പോർട്ട് ഓഫ് ഇൻഡെക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ 1980–81.

1982 ഏപ്രിൽ മാസം മുതൽ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങളെ കുറിക്കുന്ന ഒരു ത്രൈമാസിക ന്യൂസ് ലറ്റർ ആരംഭിക്കുകയുണ്ടായി.

ഈ റിപ്പോർട്ടുകൾ എല്ലാംതന്നെ സൗജന്യ മെയിലിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങൾക്കും അയച്ചുകൊടുക്കുകയുണ്ടായി.

(ഒപ്പ്)
ഡയറക്ടർ.

131. Elsamma Joseph, Proprietor, Priya Stores, Thodupuzha.
132. T. Kanaran, Santha Stores, Court Road, Tellicherry.
133. K. Thrivikraman Warrier, National Book Stall, Kayamkulam.
134. V. Ayyappan Nair, Devi Book Stall, Kattakada, Trivandrum.
135. Executive Secretary, Kerala Cardamom Growers Union, Giri Bhavan, Vandanmettu, Idukki.
136. Papees Book Stall, Edodi, Badagara, Calicut.
137. V. Sankarankutty Menon, S. M. Book Stall, Irinjalakuda.
138. Royal Agency, Camp Bazar, Cannanore.
139. P. H. Syed Muhammed, Janatha Book Stall, Opposite K.S.R.T.C., Changancherry.
140. K. A. Indira Devi, Book Centre, Y.M.C.A. Road, Kottayam.
141. K. R. Muraleedharan, Chandra Press & Book Depot, Haripad.
142. N. Kumaran, Proprietor, Kumar Printers, Ottappalam.
143. N. Elsy, Proprietor, Pitmans Commercial Institute, Sasthamangalam, Trivandrum.
144. M. J. Ponnamma, Book Seller, Krishna Mandiram, Kappil Mekku, Kayamkulam.
145. V. N. Gopinathan, Ayithara Puthen Veedu, Venniyoor, Trivandrum.
146. Manager, Deshabhimani Book House, K.S.R.T.C. Bus Station, Alleppey.
147. T. Muhammed Husan, Vadakke Panayullathil, Parambil Thiruvil, Ezhamkulam, Quilon.
148. M. K. Sumathy, Proprietor, Wynad Book House, Down Bazar, Manantoddy.
149. G. Velappan, Aeyus Books, College Road, Pathanapuram.
150. R. Krishnan Nair, Malaya Printing Works & Books Stall, Attingal.
151. P. Bhramhanayakom Pillai, Jayashri Stores, Nedumangad, Trivandrum.
152. K. K. Pavithran, Rekha Stationery, Books & Pen Dealers, Court Road, Tellicherry.
153. N. X. Varghese, Law Book Sellers, Kadavantra, Cochin.
154. V. Mohammed Ali, Amina Book Stall, Manjeri.
155. K. Pazhanimala, Students Corner, Alathur, Palghat.
156. K. Lalitha, Bharat Publications, Ottappalam.
157. James Lukose, Cherupushpam Book Depot, Palai.
158. M. S. Gopalan, M/s B.B.S., Books, Kottayam.
159. Thomas Mathew, Aby Nivas, Service Bureau Book Stall, P.B. No. 2, Kumarakom P. O., Kottayam District.
160. N. V. Yagna Raman, Proprietor, Swamy Law House, Dwaraswamy Iyer Road, Ernakulam.
161. Alex Abraham, A. One Book House, Kottayam.
162. E. K. Sadasivan Sastry, Students Book Centre, Shertallai.
163. Vidhyarambham Publishers, Mullakkal, Alleppey.
164. H. Subramanian, Santhosh Book House, Trivandrum.
165. M. I. Itty, Aroma Book Stall, Mavelikara.
166. Radhakrishnan, R., Proprietor, Rehna Book House, Oachira.
167. R. Indira Bai, Proprietor, Pusthakasala, Alleppey.

95. M/s D. K. Book Organisations, 74-D, Anand Nagar (Inderlok), Delhi-110035.
96. P. R. Dilipkumar, Asok Trades, Market Junction, Kottarakara.
97. R. Viswanathan, Viswanatha Stores, P. O. Chelakara, Trichur District.
98. M/s Vijnan Bhavan Book Stall, Publishers & Book Sellers, Kayamkulam, Alleppey.
99. N. Krishnan Nair, Edupadickal Puthen Veedu, Kattakada P. O. Neyyattinkara Taluk.
100. K. Mohanan, Proprietor, S.N.V. Press & Book Depot, Kottarakkara.
101. M/s Students Centre, Ottapalam.
102. T. G. Jacob, Pavoor House, Inchavila, Perinad, Quilon.
103. K. Ali, Ali Stores, Badagara.
104. C. Parameswaran Nair, Ceepees Books & Periodicals, Kaithamukku, Trivandrum.
105. K. C. Balan Nair, Book Centre, Opp. B.E.M.P High School, Tellicherry-1.
106. P. Mahadevan Pillai, M. S. Book Depot, Main Road, Quilon.
107. N. G. Raveendranathan Nair, Rajasree Traders, P. P. Road, Perumbavoor.
108. M. Subhain, Students, Stores, Book Seller, Kesavadasapuram, Trivandrum.
109. M/s Jyothi Book Centre, Round West, Trichur.
110. M. P. Rajendran, M/s. Gift House, Convent Road, Badagara.
111. A. P. Thankappan Nair, New College Book Stall, Book Sellers, Moovattupuzha.
112. P. Hamza, Premier Book Stall, Up-hil, Opp. Government Hospital, Manjeri Road, Malappuram.
113. P. R. Rajasekharan, Sree Lakshmy Vilasom Book Depot, Broadway, Ernakulam.
114. K. T. Varkey, Sam Agencies, Ponkunnam.
115. R. Radhakrishna Pillai, Kallidukkil Veedu, Chadayamangalam.
116. K. Vasu Pillai, Malloor Mani Mandiram, Kanjiracode, Kundara, Quilon District.
117. N. Bhoothalingam Pillai, Swamy Book Centre, Opp. Ayurveda College, Trivandrum.
118. V. Ramakrishna Pillai, Proprietor, Raja Stores, Karunagappally.
119. N. E. Balakesavan, Modern Book Centre, T.C. 26/1599, G.P.O Junction, Trivandrum.
120. Proprietor, Book Stall, S. M. Street, Calicut.
121. R. Velappan Pillai, Proprietor, Santha Book Depot, C.C.S.B. Road, Alleppey.
122. A. Narayanan Nair, Retired Deputy Secretary to Government, Block I (Upstairs), Santhinagar, Trivandrum.
123. S. Parameswaran Namboothiri, Saradhi Book Dealers, Kottayam.
124. M/s Parishat Book Stall, Court Road, Manjeri.
125. M. M. Job, Book Centre, Ottappalam.
126. M/s General Papers, Paper, Books & Stationery, Court Road, Perinthalmanna.
127. K. A. Mathew, S. H. Book Stall, Pandalam.
128. M/s Guru Book Stall, Palayam Road, Calicut.
129. M/s Sahitya Pravarthaka Co-operative Society, Proprietor of National Book Stall, Kottayam.
130. A. Sreedharan, Kottuvallil Veetil, Cheravally Muri, Kayamkulam.

## LIST OF AGENTS APPOINTED FOR THE SALE OF GOVERNMENT PUBLICATIONS

1. J. S. Paul and Sons, Cannanore.
2. G. Vital Prabhu, News Agent, Manjeswar.
3. M/s K. R. Brothers, Calicut.
4. M/s Moulavi Book Depot, Kasargod.
5. Kottayi Gopalan, Tellicherry.
6. M/s Touring Book Stall, Calicut.
7. M/s K. P. Ahammed Kunhi & Bros., Cannanore.
8. M/s George Press, Ottappalam.
9. M/s Pallipat Stores, Irinjalakuda.
10. M/s St. Joseph Press, Perinthalmanna.
11. M/s Travancore Law House, Ernakulam.
12. M/s P. K. Brothers, Calicut.
13. M. V. Johnson, Law Book Seller, Near Civil Courts, Tellicherry.
14. Manager, Higginbothams (Pvt.) Ltd., Trivandrum.
15. M/s Current Books, Publishers & Book Sellers, Trichur.
16. M/s Educational Supplies, Book Sellers, Publishers & Printers, Palghat.
17. M/s H & C Stores, Dealers in Books, Kunnamkulam.
18. Manager, Reddiar Press & Book Depot, Trivandrum.
19. K. Parameswaran Pillai, Stamp Vendor, Pulimood, Trivandrum.
20. M/s Educational Supplies Depot, Trivandrum.
21. M/s Jayachandra Book Depot, Chalai, Trivandrum.
22. S. Subramonia Iyer, Book Seller & Stamp Vendor, Kazhakoottam, Trivandrum.
23. N. Parameswaran Pillai, Alummoodu Veedu, Stamp Vendor, Kottarakara.
24. S. Krishna Iyer, Stamp Vendor, Ayurveda College View, Trivandrum.
25. N. Neelakanta Iyer, Stamp Vendor, Padmavilasam Street, Fort, Trivandrum.
26. Manager, K. V. Press & Book Depot, Main Road, Attingal.
27. K. Bhaskaran Nair, News Agent, Trivandrum.
28. Proprietor, Kerala Book House, Cranganore.
29. K. K. Raghava Menon, Popular Book Depot, Cranganore.
30. C. M. Book Stall, Publishers, Parayil, Kunnamkulam.
31. A. Jose, Proprietor, S. V. Press & Book Depot, Neyyattinkara.
32. M. Paramanandam, Proprietor, Ambika Press & Book Depot, Neyyattinkara.
33. The New Order Book Company, Ellise Bridge, Ahamedabad.
34. M/s Pai & Company, Broadway, Ernakulam.
35. S. Hariharakrishna Iyer, Vinayaka Book Stall, Pazhavangadi Trivandrum.
36. K. P. Gopalan, Swaraj Book Stall, Court Road, Quilandy.
37. Ambat Sekhara Menon, Proprietor, Menon Stores, Chittur, Cochin.
38. M. I. Abraham, News Agent & Book Seller, Punalur.
39. K. G. Thomas, K. V. Book Depot, Chengannur.
40. C. L. Joseph, National Stores & Book Sellers, Thana, Irinjalakuda.
41. N. Krishna Moorthy, Merchant, Manantoddy.
42. T. I. Joseph & Sons, Prakasam Press & Book Depot, Irinjalakuda.
43. P. Radhakrishna Pillai, Sivavilasom, Kizhakkekkara, Kottarakara.
44. Vidyarambham Press & Book Depot (P) Ltd., Mullakkal, Alleppey.
45. K. S. Kumara Pillai, Sreekumar Stores, Nedumangad.
46. E. K. John, Stamp Vendor, c/o Popular Trading Co., Kottayam.
47. Secretary, Co-operative Printing and Publishing House Ltd. No. 736, (Mahatma Press) Townhall Road, Trichur.

NAME OF AGENTS—(Continued from outer cover)

48. P. K. Chacko, Proprietor, Peekaycee Trades, Kottayam.
49. Managing Director, National Book Agency (P) Ltd., Calcutta
50. M/s Janatha Book Stall, Near PMG's Office, Trivandrum.
51. Secretary, Govt. Servant's Co-operative Society Ltd. No. A 208, Alleppey.
52. Manager, St. Thomas Press, Palai.
53. The National Stores, Cannanore.
54. K. Kunhambu, Bharat Printing Press, Kanhangad (P.O.) Cannanore.
55. N. Chellappan Pillai, Narayana Press & Book Stall, Attingal.
56. Koshy P. John, Vidyarthy Mithram Press & Book Depot, Kottayam.
57. Y. Habeebulla, Proprietor, New Book Centre, Near Collectorate, Quilon.
58. Vijaya Kumar Jain, Prabhu Book Service, Gurgoan, Hariyana.
59. Haji Abdul Rahman Sait, Merchant, Kesavadasapuram, Trivandrum.
60. M. Balan, Manager, City Book Stall, R. S. Road, Ottapalam.
61. K. Kunjiraman, Manager, Jaya Stores, Vazhuthacaud, Trivandrum.
62. P. N. Narayana Pillai, M. N. Printers, Adoor, Quilon District.
63. V. M. Noohu, Book Seller, Ansari Book Stall, Nilamel.
64. A. Narayanan Potti, Book Seller, Near Civil Station, Quilon.
65. G. Prabhakaran Nair, Manager, Premier Book House, Moovattupuzha.
66. Manager, Desabhimani Book House, M. G. Road, Trivandrum.
67. K. V. Devassy, Manager, Perinthalmanna Printing Works, Perinthalmanna.
68. K. Bhaskara Pillai, Prahla Book Depot, Attingal P.O.
69. K. A. George, Proprietor, Students Stores, 74/XII, Sub Jail Road, Alwaye.
70. V. K. N. Pillai, Polayil Veedu, Manayilkulangara, Quilon-12.
71. V. Gopinathan Nair, Book Seller, Kacheri Junction, Nedumangad.
72. A. Poornambal, Proprietor, Bhagya Enterprises, M. G. Road, Trivandrum.
73. M. C. Cheriyan, M. C. C. Book Depot, Chengannur.
74. M/s Radha Stores, Shoranur.
75. A. T. A. Mustafa, Mustafa Book Company, P. O. Payangad.
76. S. M. C. Babu, Babu Brothers Book Depot, R. S. Junction, Alwaye.
77. P. C. Cheriyan, St. Mary's Press & Book Depot, Changanacherry
78. K. J. Cheriyan, Manager, Victory Book House, Muvattupuzha.
79. R. Radhakrishnan Nair, Proprietor, Modern Books, Near Boat Jetty Road, Quilon.
80. Smt. K. Thankamma, M/s M. G. Book Stall, Kottayam.
81. M. A. Joseph, Proprietor, House of Knowledge, Publishers & Book Sellers, Round South, Trichur.
82. V. Krishna Iyer, Retired R.T.O., T.C. 18/201, Valia Chalai, Trivandrum.
83. M/s New Ladies Fancy Centre, Mannarghat, Trichur District.
84. T. V. Thomas Panicker, Indu Book Depot, Angamali P. O., Ernakulam District.
85. M. M. Varghese, Proprietor, Book Centre, West Nada, Guruvayoor.
86. K. J. Raphael, Santha Book Stall, G. B. Road, Sultanpet, Palghat.
87. M/s Ashoka Book Agency, 2/27, Roopnagar, Delhi.
88. M/s St. Joseph's Book Stall, Convent Square, Alleppey.
89. N. Sadanandan, Proprietor, Sadananda Printers, Publishers & Book Sellers, P.O. Alathur, Palghat.
90. K. R. Sukumaran Nair, Sukumar Book Stall, T.C. 23/652, Thampanoor, Trivandrum.
91. V. G. Abraham, St. Thomas Press & Book Depot, Kozhencherry.
92. P. Aravindakshan, Book Seller, Near Post Office, Kottakkal.
93. P. Vasu, M/s P. V. Book Sellers, Stationeries & Book Binders, S. M. Street, Calicut-1.
94. George Avokaran, Manager, Janatha Stores, College Road, Trichur-1.